കൂട്ടായ്മ വിരുന്ന്

മേയ് - ജൂൺ 2016

Department of Family Units and Parish Renewal
(Archdiocese of Ernakulam - Angamaly)
Renewal Centre Kaloor, Kochi - 682017
Ph: 0484 - 2338151
www.familyunitsekm.com

വിശുദ്ധ ക്ലാര

1193-ൽ ഇറ്റലിയിലെ അസ്സീസിയിൽ ഒരു സമ്പന്ന കുടുംബത്തിൽ ജനിച്ചു. ആഢംബരജീവിതത്തോടു ആഗ്രഹമില്ലാതിരുന്ന അവളെ സ്വന്തം മാതാവിന്റെ ഭക്ത ജീവിതം ഏറെ സ്വാധീനിച്ചു. ദരിദ്രരെ ശുശ്രൂഷിച്ചും, പാവപ്പെട്ടവർക്കു ഭക്ഷണം നല്കിയും കുട്ടിക്കാല ത്തിന്റെ ആനന്ദം അവൾ കണ്ടെത്തി. ക്ലാരക്കു 18 വയ സ്സുള്ളപ്പോഴാണ് ഫ്രാൻസിസ് അസ്സീസിയുടെ വചന പ്രഘോഷണം കേൾക്കുന്നതും സന്യാസിനിയാകാൻ തീരുമാനിക്കുന്നതും. സമ്പന്നനായ ഒരു യുവാവുമായി മാതാപിതാക്കൾ വിവാഹോലോചന നടത്തിയെങ്കിലും അതിനു വഴങ്ങാതെ ക്ലാര മഠത്തിൽ ചേർന്നു. 1212 മാർച്ച് 20-നു സന്ന്യാസവ്രതം സ്വീകരിച്ചു. 1253-ൽ ദിവംഗത യായി. 1255-ൽ വിശുദ്ധയായി പ്രഖ്യാപിക്കപ്പെട്ടു.

അധികാരം

വിശ്രുത രാജ്യതന്ത്രജ്ഞനായ ഹെന്റി കിസ്സിംഗർ അധികാരത്തെക്കുറിച്ചു പറഞ്ഞു. "അധികാരം - അതിനേക്കാൾ വലിയ കാമോദ്ദീപനം വേറെയില്ല." "അധികാരം ദുഷിപ്പിക്കുന്നു, പരമാധികാരം പരമമായി ദുഷിപ്പിക്കുന്നു" എന്നു ജോൺ ലോർഡ് ആക്ടൺ പ്രസ്താവിച്ചു. ലോകചരിത്രത്തിൽ യൂറോപ്യൻ കോളണീകരണം സംഭവിച്ചത് ചിലയിടങ്ങളിൽ കേന്ദ്രീകരിക്കപ്പെട്ട അധികാരത്തിന്റെ പിൻബലത്തിലാണ്. ഇൻഡ്യയിൽ സമീപകാലത്തു നടന്നിട്ടുള്ള എല്ലാ വർഗീയ ലഹളകൾക്കും, നരഹത്യകൾക്കും ചുക്കാൻ പിടിച്ചത് മതതീവ്രവാദഗ്രൂപ്പുകളുടെ അധികാരകേന്ദ്രങ്ങളാണ്. ജനാധിപത്യത്തെ കോർപറേറ്റുകൾക്ക് തീറെഴുതികൊടുക്കുന്നതും, വികസനത്തിന്റെ പേരിൽ പ്രകൃതിയെ ഇല്ലായ്മ ചെയ്ത് മനുഷ്യജീവിതം ദുസ്സഹമാക്കുന്നതും അധികാരകേന്ദ്രങ്ങൾ തന്നെ.

"എനിക്ക് അധികാരരാഷ്ട്രീയത്തെക്കാൾ താല്പര്യം സത്യത്തിന്റെ ചില സൂത്രവാക്യങ്ങൾ രചിക്കാനാണ്. അധികാരം അസത്യവും അസംബന്ധവുമാണ്. ഞാൻ അതിനെക്കാൾ സത്യവാക്യങ്ങളിൽ വിശ്വസിക്കുന്നു." രാഷ്ട്രീയധികാരസ്ഥാനം വാഗ്ദാനം ചെയ്യപ്പെട്ടപ്പോൾ ആൽബർട്ട് ഐൻസ്റ്റീൻ പ്രതികരിച്ചത് ഇപ്രകാരമായിരുന്നു. വീട്ടിലെ കുടുംബനാഥനും, രാജ്യത്തന്റെ പ്രധാനമന്ത്രിയും, കൂദാശ പരികർമ്മം ചെയ്യുന്ന വൈദികനും, കുടുംബയൂണിറ്റിന്റെ പ്രസിഡന്റും, അധികാരശ്രേണിയിലെ വിവിധ ഇഴകളാണ്.

അങ്ങാടിയിൽ തോറ്റതിനു അമ്മയോടു പടപൊരുതുന്ന മകനും ഈ അധികാരത്തിന്റെ മറ്റൊരു മുഖമാണ്. ബസ്സിൽ സ്കൂൾ കുട്ടികളെ കയറ്റാതെ ഡബിൾ ബല്ലടിച്ചുവിടുന്ന ബസ്സ് ജീവനക്കാരൻ ഇതിന്റെ

മറ്റൊരു മുഖമാണ്. രക്ഷിക്കാനും ശിക്ഷിക്കാനും തനിക്കു അധികാര മുണ്ടെന്ന പീലാത്തോസിന്റെ അധികാര ഗർവ്വോടു ക്രിസ്തുവിന്റെ പ്രതികരണം ഇവിടെ ശ്രദ്ധേയമാണ് - ഉന്നതത്തിൽ നിന്നു ലഭിച്ചി ല്ലായിരുന്നുവെങ്കിൽ നിനക്ക് എന്റെ മേൽ അധികാരമുണ്ടാകുമായിരു ന്നില്ല.

ഭാര്യയുടെ മേലുള്ള അധികാരിയായി ചെങ്കോൽ എന്തുന്ന ഭർത്താവും, കുട്ടികളുടെ മേലുള്ള അധികാരകേന്ദ്രമായി വർത്തിക്കുന്ന മാതാപിതാക്കളും, വൃദ്ധമാതാപിതാക്കളുടെ മേൽ അധികാരദംഷ്ട്ര കൾ ചലിപ്പിക്കുന്ന മക്കളും ജീവിക്കുന്ന ഇക്കാലത്ത്, നമ്മിൽ നിക്ഷി പ്തമായിരിക്കുന്ന ഉത്തരവാദിത്വങ്ങളെ അധികാരബലം കൊണ്ടാണോ കൈകാര്യം ചെയ്യുന്നത് എന്ന് പരിശോധിക്കുന്നത് നന്ന്. കുടുംബകൂ ട്ടായ്മകളിലെ ഉത്തരവാദിത്വങ്ങൾ അധികാരത്തിന്റെ ദാർഷ്ട്യത്തോ ടെയും സേവനത്തിന്റെ നൈർമ്മല്യത്തോടെയും നമുക്കു അനുവർത്തി ക്കാം. പക്ഷേ, അധികാര ധാർഷ്ട്യം ഒരിക്കലും കൂട്ടായ്മബോധം ജനി പ്പിക്കുന്നില്ല. അത് ബന്ധങ്ങളെ മരവിപ്പിക്കുന്നു. ബുദ്ധികൊണ്ടു കാര്യ ങ്ങൾ ചെയ്യാൻ പ്രേരിപ്പിക്കുന്നു. ആരോഗ്യപരമല്ലാത്ത മത്സരത്തിലേക്ക് അതു നമ്മെ കൊണ്ടുചെന്നെത്തിക്കുന്നു. ഇപ്രകാരമുള്ള ഒരു സമീ പനം ഒഴിവാക്കിയിട്ട് സേവനതല്പരതയുടെ ഹൃദ്യതകൊണ്ട് പ്രവൃ ത്തിക്കാൻ നമുക്കാവണം.

നാം വീണ്ടും ഒരു പൊതുതെരഞ്ഞെടുപ്പിനെ നേരിടുകയാണ്. നമ്മെ ഭരിക്കേണ്ട ഒരു അധികാരകേന്ദ്രത്തെ നാം രൂപപ്പെടുത്താൻ ഒരുങ്ങുന്നു. നാടിനു നന്മ വരുത്തുന്ന ഒരു ഭരണകൂടം നമുക്കുണ്ടാവ ണം. മാഫിയകളുടെ ഇംഗിതങ്ങൾക്കു വഴങ്ങാത്ത ഭരണാധികാരികൾ നമുക്കു വേണം. ജനാധിപത്യത്തെ കശാപ്പു ചെയ്യാത്ത, ജനങ്ങളെ ചൂഷണ വിധേയമാക്കാത്ത, പരിസ്ഥിതിയെ നശിപ്പിക്കാതെ സുസ്ഥി രമായ വികസനം സാധ്യമാക്കുന്ന, ഭരണകൂടം നമുക്കു വേണം. മത തീവ്രവാദത്തിന്റെ വേരുകളെ അറുത്തുമാറ്റാനുതകുന്ന, സാമൂഹ്യനീതി നടപ്പാക്കുന്ന ഭരണസമ്പ്രദായത്തെ പിൻതാങ്ങുന്നവരെ നാം വിജയി പ്പിക്കണം. ഇതിനെല്ലാം വേണ്ടി നമ്മുടെ വോട്ടവകാശം ഉപയോഗ ക്കേണ്ട ധാർമ്മിക ഉത്തരവാദിത്വവും നമുക്കുണ്ട്.

സ്നേഹപൂർവ്വം,
സണ്ണിയച്ചൻ

തർക്കങ്ങളും, ഏറ്റുമുട്ടലുകളും, മത്സരങ്ങളും!

(യാക്കോബ് 4:1-10)

വിജാതീയരുടെ ഇടയിൽ ചിതറിപ്പാർക്കുന്ന പന്ത്രണ്ടു ഗോത്രങ്ങൾക്കായിട്ടാണ് ഈ ലേഖനം എഴുതപ്പെട്ടിരിക്കുന്നത് (1:1). നാവിന്റെ ദുരുപയോഗം മൂലവും യഥാർത്ഥ ജ്ഞാനത്തിന്റെ അഭാവത്തിലും സമൂഹത്തിലുണ്ടാകുന്ന അസ്വസ്ഥതകൾക്കു കാരണങ്ങളും പ്രതിവിധികളുമാണ് ഈ വചനഭാഗത്തു നാം കാണുക. ക്രിസ്തുവിന്റെ സമാധാനത്താൽ നയിക്കപ്പെടുന്ന ജീവിതങ്ങൾക്ക് ദൈവവുമായുള്ള യഥാർത്ഥ ബന്ധത്തിൽ ജീവിക്കുവാനും, ആ ദിവ്യസാന്നിദ്ധ്യത്തിന്റെ ബലത്തിൽ തങ്ങളുടെ കർത്തവ്യങ്ങൾ നിർവ്വഹിക്കാനും സാധിക്കും. ഇത്തരം ഒരു ലക്ഷ്യം ഓരോ അംഗത്തിലും സാധ്യമാക്കുക എന്നതാണ് ഈ വചനഭാഗത്തിന്റെ പ്രഥമ പരിഗണനയും പ്രമേയവും. ഈ ലക്ഷ്യം നേടുന്നതിന് തടസ്സമാകുന്ന കാരണങ്ങളാണ് ഇവിടത്തെ പ്രധാന പ്രതിപാദ്യം.

തർക്കങ്ങളും ഏറ്റുമുട്ടലുകളും: വിശ്വാസി സമൂഹങ്ങളിൽ നിലനില്ക്കുന്ന പല പ്രശ്നങ്ങളുടെയും മൂലകാരണമാണ് ശ്ലീഹ ഇവിടെ പരാമർശിക്കുക-"നിങ്ങളുടെ ഇടയിൽ തർക്കങ്ങളും ഏറ്റുമുട്ടലുകളും ഉണ്ടാകുന്നത് എങ്ങനെയാണ്?" മറുചോദ്യത്തിലൂടെ തന്നെ (Rhetorical question)-ശ്ലീഹാ ഇതിനുത്തരം തരുന്നു-"നിങ്ങളുടെ അവയവങ്ങളിൽ പോരാടിക്കൊണ്ടിരിക്കുന്ന ദുരാശകളിൽ നിന്നല്ലേ അവ ഉണ്ടാകുന്നത്?" ചുരുക്കത്തിൽ വചനത്തിന്റെ അടിസ്ഥാനത്തിൽ സകല തർക്കങ്ങളുടെയും ഏറ്റുമുട്ടലുകളുടെയും അടിസ്ഥാനം നമ്മിൽ തന്നെ പോരാട്ടം നടത്തുന്ന വ്യത്യസ്ത ദുരാശകളാണെന്ന്.

സുരക്ഷ, പ്രശസ്തി, അധികാരം, ക്ഷേമം, സമ്പത്ത്, സ്വാധീനം ഇവയ്ക്കുവേണ്ടിയുള്ള മോഹമാണ് നമ്മിൽ പോരാടിക്കൊണ്ടിരിക്കുന്ന ദുരാശകൾ. ഇവയുടെ ഫലമായി ഓരോ വ്യക്തിയിലും ഭയവും ഉത്ക്കണ്ഠയുമാണ് സൃഷ്ടിക്കുന്നത്. ഓരോ മത്സരത്തിലും ഒളിഞ്ഞി

രിക്കുന്ന ഘടകങ്ങളായ ഭയവും ഉത്ക്കണ്ഠയും അസൂയയും കൊല പാതകവുമെല്ലാം മോഹഭംഗത്തിന്റെ അനന്തരഫലമാണ് എന്ന് വചനം നമ്മെ ഓർമ്മപ്പെടുത്തുന്നു.

നിങ്ങൾ ആഗ്രഹിക്കുന്നത് ലഭിക്കുന്നില്ല: ആത്യന്തികമായി ഓരോ രുത്തരും എന്താണ് ആഗ്രഹിക്കുന്നത്- സമാധാനം! പക്ഷേ, ചിലരെ ങ്കിലും സമാധാനം എന്നാൽ എല്ലാം തികഞ്ഞ - സമ്പത്ത്, അധികാരം, പ്രശസ്തി - അവസ്ഥയാണ്. ഇത്തരം സമാധാനഅന്വേഷണങ്ങൾ കടുത്ത നിരാശ, അസന്തോഷം എന്നിവയിലേക്ക് കൂപ്പു കുത്താനാണ് സാധ്യത. ഒരുപക്ഷേ, പീഡനങ്ങൾ മൂലം നാടും, വീടും, സ്വത്തും നഷ്ടമായ ഒരു ജനത തങ്ങൾക്കു നഷ്ടമായതെല്ലാം നേടിയെടുക്കാൻ ശ്രമിക്കുന്നതിനിടയിൽ സംജാതമായ തർക്കങ്ങളും ഏറ്റുമുട്ടലുകളെയുമാകാം ശ്ലീഹ ഇവിടെ പരാമർശിക്കുന്നതെങ്കിൽ പോലും; നമ്മുടെ ജീവിതവുമായി ഈ യാഥാർത്ഥ്യം ഏറെ ചേർന്നു പോകുന്നതാണ്.

"നിങ്ങൾക്ക് ഒന്നും ലഭിക്കുന്നില്ല... നിങ്ങൾ ആവശ്യപ്പെടുന്നില്ല"

ശ്ലീഹായുടെ അഭിപ്രായത്തിൽ 'ഒന്നും ലഭിക്കാത്തതിന്റെ' കാരണം ആഗ്രഹിക്കുന്നവയ്ക്കായി (സമാധാനം, സന്തോഷം) പരിശ്രമിക്കാത്തതുകൊണ്ടല്ല, മറിച്ച് അവർ ചോദിക്കുന്നത് തങ്ങളുടെ ദുരാശകളെ സംതൃപ്തിപ്പെടുത്തുന്നവ മാത്രമാണ്.

നമ്മുടെ ആഗ്രഹങ്ങളും, യാചനകളും ദൈവത്തിന്റെ നമ്മോടുള്ള കരുതലും പദ്ധതികളുമായി ചേർത്തുവയ്ക്കുമ്പോൾ വലിയ വ്യത്യാസമുണ്ടെന്നാണ് ഈ ഭാഗം വ്യക്തമാക്കുന്നത്. നമ്മുടെ ആവശ്യങ്ങളെല്ലാം നിറവേറ്റിത്തരുവാൻ ദൈവം സദാ സന്നിഹിതനാണ്. കാരണം അവിടുന്ന് നമ്മുടെ പിതാവും, ഉത്തമവും പൂർണ്ണവുമായ എല്ലാ ദാനങ്ങളുടെയും (1:17) ഉറവിടവുമാണ്. നമുക്കു വേണ്ടിയുള്ള ദൈവത്തിന്റെ മഹത്വം എന്നത് അവിടത്തെ സ്നേഹത്തിന്റെ രൂപാന്തരപ്പെടുത്തുന്ന പ്രവൃത്തികൾ സ്വീകരിക്കുക എന്നതു മാത്രമാണ്. മറിച്ച്, നമ്മുടെ ദുരാശകളെ സംതൃപ്തിപ്പെടുത്താനും നേടിയെടുക്കുവാനുമുള്ള തിരക്കിലാണ് നാമെങ്കിൽ, ദൈവം നമുക്ക് നല്കാൻ ആഗ്രഹിക്കുന്നതൊന്നും തന്നെ നേടിയെടുക്കാൻ എളുപ്പത്തിൽ നമുക്കു സാധിക്കുകയില്ല.

പ്രാർത്ഥനകൾ ഒരുവന്റെ ദുരാശകളെ നേടാനുള്ള മാർഗ്ഗമായി

കാണുന്നവർക്ക് ശ്ലീഹാ നല്കുന്ന മുന്നറിയിപ്പ് ഇപ്രകാരമായിരിക്കും – ഒരുവന്റെ ലക്ഷ്യം (ദുരാശകളുടെ ആവിഷ്ക്കാരം) നേടുവാനുള്ള വെറും മാർഗ്ഗമല്ല (means) ദൈവം! ദൈവീകമാനങ്ങൾ ഒരിക്കലും ഒരുവന്റെ ദുരാശകളുടെ സഫലീകരണത്തിന് വ്യയം ചെയ്യാനുള്ളതുമല്ല. മറിച്ച്, ദൈവം ആഗ്രഹിക്കുന്നത് നാമെല്ലാവരും ദുരാശകളാൽ സംതൃപ്തരാക്കപ്പെട്ടവരാകാതെ, ദൈവികദാനങ്ങളാൽ സമ്പന്നരും, പൂർണ്ണരും എല്ലാം തികഞ്ഞവരും ഒന്നിലും കുറവില്ലാത്തവരും ആകുവാനാണ് (1:4).

"വിശ്വസ്തത പുലർത്താത്തവരേ..." (v.4)

ഈ വാക്കുകളെ ശ്ലീഹാ മുകളിൽ പറയാൻ ശ്രമിച്ച കാര്യങ്ങളുടെ സംഗ്രഹം ആയി കണക്കാക്കാം. ലോകത്തോടുള്ള മൈത്രി എന്നതിനെ ദുരാശകളുടെ സാക്ഷാത്ക്കാരവുമായി ബന്ധപ്പെടുത്താം. ഈ മൈത്രി നമ്മിൽ ഉളവാക്കുന്ന അനന്തരഫലങ്ങളാണ് അസൂയയും ദൈവാശ്രയമില്ലായ്മയും. വി. ഗ്രന്ഥ കാഴ്ചപ്പാടിൽ 'ലോകം' എന്നാൽ ദൈവാശ്രയത്വം ഏതും ഇല്ലാതെ സ്വന്തം കഴിവുകളിൽ മാത്രം ആശ്രയം വെച്ച് വിജയം, അധികാരം, പ്രശസ്തി എന്നിവ സ്വന്തമാക്കാനായി ഒരുവൻ ശ്രമിക്കുന്ന ദുരാശകളുടെ/ലൗകീക മേഖലയാണിത്. ദൈവത്തിൽ ആശ്രയം വയ്ക്കാത്ത ഇത്തരക്കാരെയാണ് 'വിശ്വസ്തത പുലർത്താത്തവരേ' എന്ന് ശ്ലീഹാ അഭിസംബോധന ചെയ്യുന്നത് (മത്താ. 6:24).

"ദൈവം അസൂയയോടെ അഭിലഷിക്കുന്നു" (v. 5): ഇവിടെ 'അസൂയ' എന്നാൽ മാനുഷികമായ അസൂയയുടെ തലമല്ല. മറിച്ച് 'തീക്ഷ്ണമായ ആഗ്രഹം' എന്ന അർത്ഥമാണ് ഉചിതമായി വരിക. എന്തിനുവേണ്ടിയാണോ അവിടന്ന് നമ്മെ തന്റെ ആത്മാവ് നല്കി സൃഷ്ടിച്ചിരിക്കുന്നത് ആ ലക്ഷ്യം പൂർത്തീകരിച്ചു കാണാനുള്ള ദൈവത്തിന്റെ തീവ്രമായ ആഗ്രഹത്തെയാണ് ഇത് അർത്ഥമാക്കുക.

ഈ വചനഭാഗത്തിന്റെ അവസാനഭാഗം തിരിച്ചു വരുവാനുള്ള ക്ഷണവുമായിട്ടാണ് അവസാനിക്കുക. അതിനു വേണ്ടുന്ന എതാനും പ്രായോഗികമായ കാര്യങ്ങളും വചനഭാഗം തരുന്നുണ്ട് – കരങ്ങളും ഹൃദയങ്ങളും ശുചിയാക്കുക! സർവ്വോപരി ജീവിതത്തിൽ പുലർത്തേണ്ട എളിമയും ശ്ലീഹ അടിവരയിട്ട് പ്രസ്താവിക്കുന്നു.

സന്ദേശം

ദൈവീകമൂല്യങ്ങളോടു വിരക്തിയുള്ള മനുഷ്യനെ ദുരാശകളുടെ വെറും കൂമ്പാരമായി വിശേഷിപ്പിക്കാം. ഐക്യം, സമചിത്തത, സഹാനുഭൂതി, എളിമ മുതലായവ നഷ്ടമായ ഒരുവനെയാണ് ഇത്തരത്തിൽ ചിത്രീകരിക്കുക. മനുഷ്യന്റെ/ആത്മീയ മനുഷ്യന്റെ ആന്തരീക സംഘർഷങ്ങളിൽ അവൻ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നമാണ് ദുരാശകൾ. ഇത് ഇന്ന് മാത്രമല്ല മനുജകുലത്തിന്റെ ആരംഭം മുതലേ മനുഷ്യന്റെ കൂടപ്പിറപ്പാണ് കായേൻ മുതൽ ആരംഭിക്കുന്ന ഇതിന്റെ ഭീകരചരിതം നമ്മിലൂടെ ഇന്നും തുടരുന്നു.

ഇവിടെ പ്രസക്തമായ ചോദ്യം ഇതാണ്- എന്റെ ആത്മീയ ജീവിതം എന്നിലെ സഹജമായ ഈ തിന്മയെ എത്രമാത്രം ദുരീകരിക്കാൻ എന്നെ സഹായിക്കുന്നുണ്ട്? മതജീവിതം മത്സരകമ്പത്തിനുള്ള ഇടമായി പരിണമിക്കുന്ന ഈ കാലഘട്ടത്തിൽ ഗൗരവത്തോടെ കാണേണ്ട ചിന്തയാണിത്. നമ്മുടെ കാലഘട്ടത്തിൽ ഏറ്റവും അധികം മാത്സര്യം അരങ്ങേറുന്ന മേഖല ഒരുപക്ഷേ, മതജീവിതമാണ്. അതായത് ദൈവാത്മാവിന്റെ ഇംഗിതങ്ങളെ തിരിച്ചറിയാനാവാത്ത വിധം ബധിരവും അന്ധവുമായ അവസ്ഥയിലായ വിശ്വാസികൾ!

സമാധാനത്തെ ഭൗതികതയുടെ സുഖത്തിന്റെ ധാരാളിത്തമായി വ്യാഖ്യാനിക്കുന്നവരാണ് നാം ഏറെ പേരും. തിരിച്ചറിയുക, സമാധാനമെന്നാൽ ദൈവം കൂടെയുള്ള അവസ്ഥയാണ്. അതായത്, നാം അവന്റെ സ്വരം ശ്രവിക്കുകയും അതനുസരിച്ച് പ്രവൃത്തിക്കുകയും ചെയ്യുന്ന അവസ്ഥ.

നമ്മുടെ യാചനയും ദൈവത്തിന്റെ ഇടപെടലും

നാം യാചിക്കുന്നതെല്ലാം അപ്രകാരം തന്നെ ദൈവത്തിൽ നിന്നും ലഭിക്കും എന്ന് മിഥ്യാധാരണ പ്രാർത്ഥനയിൽ സൂക്ഷിക്കുന്നവരാണ് നമ്മിൽ അധികവും. ദുരാശകളുടെ തലത്തിൽ നിന്നുള്ള നമ്മുടെ എല്ലാ യാചനകളും അപ്രസക്തമാണ്. നാം ഇവിടെ തിരിച്ചറിയേണ്ട മറ്റൊരു യാഥാർത്ഥ്യമുണ്ട്. നമ്മുടെ പ്രാർത്ഥനകൾക്കും ദൈവത്തിന്റെ ഇടപെടലിനും ഇടയിൽ ഒരു സമയമുണ്ട്. ഈ സമയത്തെ എപ്രകാരം വിനിയോഗിക്കുന്നു എന്നത് പ്രധാനപ്പെട്ടതാണ്. വചനം പഠിപ്പിക്കുന്നു- പ്രത്യാശയോടെ കാത്തിരിക്കുക!

അഡ്വ. ചാർളി പോൾ

ശ്രേഷ്ഠ സന്താനലബ്ധിക്ക്

1940 വരെ ഗർഭകാലം കുട്ടിയുടെ ശാരീരിക വളർച്ചയെ മാത്രമേ ബാധിക്കുകയുള്ളൂ എന്നാണ് ചിന്തിച്ചിരുന്നത്. എന്നാൽ പിന്നീടു നടന്ന പഠനങ്ങളിൽ അമ്മയുടെ മനോഭാവങ്ങളും വൈകാരിക അവസ്ഥകളും ഗർഭസ്ഥശിശുവിനെ സ്വാധീനിക്കുമെന്ന് കണ്ടെത്തി. തുടർ പഠനങ്ങളിൽ മാതാപിതാക്കളും അടുത്ത ബന്ധുക്കളും മിത്രങ്ങളും കുട്ടിയുടെ മനോഭാവങ്ങളെ സ്വാധീനിക്കും എന്നും കണ്ടെത്തിയിട്ടുണ്ട്.

പിശാചിന് നമ്മെ ഭയമാണ്: എളിമയുള്ളവരെ ഭയക്കുന്നവനാണ് പിശാച്. ആത്മീയതയുടെ ഉദാത്തമായ അടയാളമാണ് ഒരുവനിൽ കാണപ്പെടുന്ന എളിമ. മതജീവിതത്തിൽ മാത്സര്യം മുറുകുമ്പോൾ നഷ്ടമാകുന്നത് ഈ എളിമയാണ്. നമ്മുടെ സമ്മേളനങ്ങളിലും കുടുംബങ്ങളിലും എളിമയില്ലാത്ത ഭക്തർ തീർക്കുന്ന സംഘർഷങ്ങളും തർക്കങ്ങളും വെല്ലുവിളിക്കുന്നത് യഥാർത്ഥ ആത്മീയതയെയാണ്.

പ്രായോഗികതലം

1. ക്രിസ്തീയ സമൂഹങ്ങളിലുള്ള തർക്കങ്ങളുടെയും സംഘർഷങ്ങളുടെയും കാരണങ്ങൾ എന്തെല്ലാമെന്ന് ഈ വചനഭാഗത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തുക.
2. തിരുനാളുകൾ, വാർഷീകാഘോഷങ്ങൾ എന്നിവയിൽ കാണുന്ന മാത്സര്യത്തിന്റെ വിവിധ വശങ്ങൾ അവലോകനം ചെയ്യുക.

ഗർഭകാലം ശിശുവിന്റെ സ്വഭാവ രൂപീകരണത്തിൽ ചെലുത്തുന്ന സ്വാധീനം അറിയാത്തവരാണ് നമ്മിൽ ഭൂരിഭാഗവും. ഗർഭകാലസാഹചര്യങ്ങളും അടിത്തിടപഴകുന്ന വ്യക്തികളുടെയും മാതാപിതാക്കളുടെയും മനോഭാവങ്ങളും പെരുമാറ്റങ്ങളും കുട്ടിയുടെ മനോഭാവത്തിലും സ്വഭാവരൂപീകരണത്തിലും ശക്തമായ സ്വാധീനമാണ് ചെലുത്തുന്നതെന്ന് പഠനങ്ങൾ തെളിയിക്കുന്നു. അമ്മയുടെ ശരീരത്തിലെ അനുകൂല സാഹചര്യങ്ങൾ കുഞ്ഞിന്റെ ആകമാന വളർച്ചയെ സഹായിക്കുന്നു. പ്രതികൂല സാഹചര്യങ്ങൾ വളർച്ചയെ മുരടിപ്പിക്കുന്നു. ഇത് പിന്നീടുള്ള വളർച്ചയേയും ബാധിക്കും.

മൈക്രോസ്കോപ്പിലൂടെ കാണാവുന്ന ഒരു കോശം പൂർണ്ണ വളർച്ചയെത്തി കുട്ടിയായി വളരുന്നത് ഗർഭകാലഘട്ടത്തിലാണ്. ഏറ്റവും അപകടസാധ്യതയുള്ള കാലഘട്ടമാണിത്. മനുഷ്യബീജം ശുക്ലാണുവോ അണ്ഡമോ, അത്യന്തം സൂക്ഷ്മമാണെങ്കിൽ കൂടി അവയിൽ ശരീരത്തിന്റെ അംഗോപാംഗങ്ങൾ വ്യവസ്ഥാപിതമായ വിധത്തിൽ കോഡ് ചെയ്യപ്പെട്ടിട്ടുണ്ട്. ഗർഭവിജ്ഞാന ശാസ്ത്രപ്രകാരം അണ്ഡോല്പാദന സമയത്ത് സ്ത്രീകൾ കോപിക്കരുത്. പഴകിയ ഭക്ഷണം കഴിക്കരുത്. ദിവാസ്വപ്നം കാണരുത്. ഉറക്കെ സംസാരിക്കരുത്. തുടങ്ങിയ ശീലങ്ങൾ പാലിക്കണം. സ്ത്രീയിൽ അണ്ഡോല്പാദന സമയത്ത് അവളുടെ മനോഭാവവും ചിന്തയും എപ്രകാരമാണോ അതുപോലെത്തെ ഗുണങ്ങൾ കുട്ടിയിൽ വികസിച്ചുവരുന്നു. അതുപോലെ പുരുഷനിൽ ശുക്ലാണു ഉണ്ടാകുമ്പോഴുണ്ടാകുന്ന മനോബുദ്ധിവിചാരങ്ങളും ശാരീരിക ലക്ഷണങ്ങളും ശുക്ലാണു വഴി കുട്ടിയിലേക്കിറങ്ങുന്നു.

വൈദിക കാലത്തെ മഹർഷിമാർ ഉത്തമ സന്താനങ്ങൾ ജനിക്കുന്നതിനുവേണ്ട ആചാര വിചാരങ്ങൾ, സമാഗമനിയമങ്ങൾ തുടങ്ങി ഗർഭം ധരിച്ചതിനുശേഷം ചെയ്യേണ്ട കാര്യങ്ങൾ എന്നിവയെക്കുറിച്ച് വളരെ വിശദമായി ഗർഭവിജ്ഞാനകോശത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. സന്തതി ദുർബലനോ ബലശാലിയോ തേജസിയോ ദീനനോ ആകുന്നത് ഭാഗ്യത്തിന്റെ ഫലമാണെന്നും മാതാപിതാക്കൾക്ക് ഒന്നും ചെയ്യാൻ കഴിയില്ലെന്നും ചിലർ ധരിച്ചിട്ടുണ്ട്. മാതാപിതാക്കൾ പരി

പൂർണ്ണ ശ്രദ്ധയും ജാഗ്രതയും പുലർത്തിയാൽ ഗർഭധാരണം മുതൽ ഗർഭാവസ്ഥയുടെ അവസാനദിവസം വരെ ഓരോ നിയമവും പാലിച്ചാൽ ദുർബല സന്തതി പിറക്കാതെ നോക്കാനാവും.

ഉത്തമഗുണങ്ങളുള്ള മാതാപിതാക്കൾക്ക് ശ്രേഷ്ഠ ഗുണങ്ങളുള്ള സന്താനങ്ങളുണ്ടാകും. സ്വന്തം കുട്ടിയിൽ എന്തെല്ലാം ഗുണങ്ങൾ വേണമെന്ന ആഗ്രഹമുണ്ടോ ആ ഗുണവിശേഷങ്ങളൊക്കെ മാതാപിതാക്കൾ സ്വയം ആർജ്ജിച്ചെടുക്കണം. സന്താനലബ്ധിക്ക് ശ്രമിക്കുന്നതിന് ഒരു വർഷം മുൻപ് ശ്രമങ്ങൾ ആരംഭിക്കണം. അമ്മ രാജ്ഞിയെപ്പോലെയും കുട്ടികൾ രാജകുമാരനെപ്പോലെയും വളരാൻ പറ്റിയ സാഹചര്യം കുടുംബത്തിലുണ്ടാകണം. ഹിപ്പൊക്രാറ്റസ് ആണ് വൈദ്യശാസ്ത്രത്തിന്റെ പിതാവ്. അമ്മ അനുഭവിക്കുന്ന വികാരവിചാരങ്ങളെല്ലാം കുട്ടിയെ ബാധിക്കുമെന്ന് അദ്ദേഹം കണ്ടെത്തിയിട്ടുണ്ട്. ഓരോ വികാരങ്ങളും അമ്മയുടെ ശരീരത്തിൽ രാസമാറ്റങ്ങളുണ്ടാക്കും. ആ രാസമാറ്റങ്ങൾ കുഞ്ഞിനെ ബാധിക്കും. അമ്മ സന്തോഷവതിയാകുമ്പോൾ 'എൻഡോർഫിൻ' എന്ന ഹോർമോൺ ഉണ്ടാകും. അത് കുഞ്ഞിനെ സന്തോഷചിത്തനാക്കും. ഗർഭിണികൾക്ക് നല്ല സന്തോഷവും നല്ല ഭക്ഷണവും ലഭിച്ചാൽ സൗന്ദര്യമുള്ള ശിശുക്കൾ ജനിക്കും.

മനസ്സിന്റെ സംവേദനകൾക്ക് രക്തവുമായി ബന്ധമുണ്ട്. അമ്മയുടെ രക്തവുമായുള്ള ഗാഢബന്ധത്താൽ അമ്മയുടെ വികാരങ്ങളും സംവേദനകളും ഭാവങ്ങളും കുഞ്ഞിനെ നന്നായി സ്വാധീനിക്കും. അതുകൊണ്ട് ഗർഭിണി സന്തോഷവതിയായിരിക്കാനുള്ള സാഹചര്യങ്ങൾ കുടുംബാംഗങ്ങൾ ഉണ്ടാക്കിക്കൊടുക്കണം. ഒരു വ്യക്തിയുടെ ഭാവി, ജനനത്തിന് മുൻപ് അമ്മ ചിന്തിക്കുന്നതുപോലെ തന്നെ നിശ്ചയിക്കപ്പെടുന്നു. ഗർഭത്തിലായിരിക്കുന്ന ശിശുവിന് അമ്മ ഉന്നതവും ഉദാത്തവുമായ ചിന്തകൾ നല്കി പരിപാലിക്കണം. ഉത്തമ ചിന്തകൾ പഠിപ്പിക്കണം. തത്ഫലമായി ജന്മനാതന്നെ വിശിഷ്ട ഗുണങ്ങളുള്ള കുഞ്ഞു പിറക്കും.

■

ഫാ. ആന്റണി കല്ലൂക്കാരൻ

കേരളത്തിലെ റോഡുകളിലെ അലിഖിത നിയമങ്ങൾ

കേരളത്തിൽ റോഡുകളിൽ പാലിക്കപ്പെടേണ്ട ലിഖിതനിയമങ്ങൾക്ക് ഒട്ടും ദാരിദ്ര്യമില്ല. ഈ നിയമങ്ങൾ പാലിക്കപ്പെടുന്നില്ല എന്ന പരാതിയും നിലനില്ക്കുന്നു, ലിഖിതനിയമങ്ങൾ പാലിക്കപ്പെടുന്നില്ല എന്നു മാത്രമല്ല നിരവധി അലിഖിതനിയമങ്ങൾ ഇവിടെ നിലനില്ക്കുന്നു എന്നതും ഒരു വസ്തുതയാണ്. ഈ അലിഖിത നിയമങ്ങൾ ചിലർക്ക് വിചിത്രമായി തോന്നാമെങ്കിലും കേരളത്തിലെ റോഡുകളിലൂടെ യാത്ര ചെയ്യുന്നവർക്ക് ഇവ സുപരിചിതമാണ്. ഈ അലിഖിത നിയമങ്ങളിലൂടെ നമുക്കൊന്ന് കണ്ണോടിക്കാം.

1. റോഡിന്റെ ഇടതുവശത്തുക്കൂടി മാത്രം ഓവർടേക്ക് ചെയ്യുക!

ഇത് കേരളത്തിലെ റോഡുകളിൽ പാലിക്കപ്പെടുന്ന ഒരു അലിഖിതനിയമമാണ്. ഈ നിയമത്തിനു വിപരീതമായി ആരെങ്കിലും വലതുവശത്തുകൂടി ഓവർടേക്ക് ചെയ്യാൻ ശ്രമിച്ചാൽ അത് സാധിക്കില്ലെന്ന് മാത്രമല്ല, അവന് ചീത്തവിളിയും ലഭിക്കും. കഴിഞ്ഞ ദിവസം അങ്കമാലിയിൽനിന്നും ആലുവായിലേക്ക് യാത്ര ചെയ്യുമ്പോൾ കണ്ട ഒരു കാഴ്ച. ഒരു പോലീസ് ജീപ്പ്, അമിതവേഗത്തിൽ പോകുന്ന ഒരു കാറിനെ വലതുവശത്തു കൂടി ഓവർടേക്ക് ചെയ്യാൻ ഏകദേശം അഞ്ചുമിനിട്ടോളം ശ്രമിച്ചു. എന്നാൽ കാർ ഡ്രൈവർ കടത്തിവിട്ടില്ല. അവസാനം ക്ഷമനശിച്ച് ഇടതുവശത്തുക്കൂടി ഓവർടേക്ക് ചെയ്ത് കടന്നുപോയി.

കാർ ഡ്രൈവർ ചിന്തിച്ചത് ഇപ്രകാരമാണ്, ആവശ്യത്തിലേറെ സ്ഥലം ഇടതുവശത്തുണ്ട് വേണമെങ്കിൽ അതിലെ പോകട്ടെ. ഇടതുവശത്ത് ആവശ്യത്തിന് സ്ഥലമിട്ടാണ് കേരളത്തിലെ റോഡുകളിൽ വണ്ടികൾ ഓടുന്നത്.

2. വണ്ടികൾ ഹോണിലോടിക്കുക!

കമ്പനികൾ ഇറക്കുന്ന വണ്ടികൾ പെട്രോളിലൊ, ഡീസലിലൊ ഓടുന്നവയാണെങ്കിലും ഇവ കേരളത്തിലെ നിരത്തുകളിൽ എത്തുമ്പോൾ ഹോണിലാണ് ഓടുന്നത്. ഇത് കേരളത്തിലെ നിരത്തുകളിൽ കാണുന്ന ഒരു പ്രതിഭാസമാണ്. ചിലരുടെ ഹോണടിയും തിരക്കും കണ്ടാൽ ആ വണ്ടികളെല്ലാം ആംബുലൻസാണെന്ന് തോന്നും. ഹോണടി ഫോബിയായ്ക്ക് അടിമപ്പെട്ടിട്ടുള്ളവർക്കു തന്നെ അറിയാം അമിതമായി ഹോണടിച്ചതുകൊണ്ട് ആരും മാറിത്തരില്ലെന്ന്. എന്നാൽ പിന്നെ എന്തിനു ഹോണടിക്കുന്നു എന്നു ചോദിച്ചാൽ ഉത്തരം ഒന്നു മാത്രം, ഒരു മനസ്സുഖം. ഹോണടിച്ച് റോഡ് സിഗ്നൽ വരെ മാറ്റാമെന്ന് മലയാളി കണ്ടെത്തിയിരിക്കുന്നു. ഈ കണ്ടെത്തൽ വിജയകരമായി പരീക്ഷിച്ചത് തിരക്കേറിയ ഇടപ്പള്ളി ട്രാഫിക് ഐലന്റിലാണ്. പതിവുപോലെ പോലീസ് ഓഫീസർ സിഗ്നൽ കൺട്രോൾ റൂമിൽ നിന്നും സിഗ്നൽ നിയന്ത്രിക്കുന്നു. എൻ.എച്ച് 47-ലേക്ക് കടത്തിവിടാനായി പതിവിൽ നിന്നും അല്പം സമയം കൂടുതലെടുത്തു. പതിവുള്ള ക്രമത്തിൽ പച്ച സിഗ്നൽ ലഭിക്കാതായപ്പോൾ ആലപ്പുഴ ഭാഗത്തുനിന്നുള്ള വണ്ടികൾ ഹോണടിച്ച് പ്രതിഷേധിക്കാൻ തുടങ്ങി. ഉടൻ തന്നെ പോലീസ് ഓഫീസർ പച്ച സിഗ്നൽ കൊടുത്തു. ഹോണടിയുടെ ഒരു ശക്തി.

3. സീബ്രാലൈയിനിലൂടെ റോഡ് മുറിച്ചു കടക്കരുത്!

ഇത് മറ്റൊരു അലിഖിത നിയമമാണ്. കാൽനട യാത്രക്കാർ സീബ്രാലൈയിനിലൂടെ റോഡ് മുറിച്ചു കടക്കരുത്. മറ്റൊരു തരത്തിൽ പറഞ്ഞാൽ സീബ്രാലൈയിനിലൂടെ റോഡ് മുറിച്ചു കടക്കാൻ കാൽനട യാത്രക്കാരെ അനുവദിക്കരുത്. അങ്ങനെ അനുവദിക്കുന്നത് വണ്ടിയോടിക്കുന്നവന്റെ പരാജയമായി കേരളജനത കണക്കാക്കും. അതുകൊണ്ടു തന്നെ, കേരളത്തിൽ സീബ്രാലൈയിനിലൂടെ റോഡ് മുറിച്ചു കടക്കുന്നതിനെ കുറിച്ച് ആരും ചിന്തിക്കാറില്ല. കണ്ടെയ്നർ റോഡിൽ ഒരു ചേച്ചി റോഡ് മുറിച്ചു കടന്നു. കണ്ടെയ്നർ റോഡിൽ വണ്ടികളുടെ വേഗത ഊഹിക്കാമല്ലോ. ചേച്ചി കണ്ണടച്ച് സുരക്ഷിതമായി റോഡ് മുറിച്ചു കടന്നു. സഡൻ ബ്രേക്കിട്ട കാറിന്റെ പിറകിൽ ഒരു ട്രാവലറിടിച്ചു, ട്രാവലറിന്റെ പുറകിൽ മറ്റൊരു കാറുമിടിച്ചു നിന്നു. ചേച്ചി അപ്പോഴും

ശാന്തമായി യാത്ര തുടർന്നു. മറ്റൊരു അനുഭവം ഷൺമുഖം റോഡിൽ നിന്നായിരുന്നു. ഷൺമുഖം റോഡിൽ സീബ്രാലൈയിനിലൂടെ റോഡ് മുറിച്ചു കടക്കുന്നു കുറച്ചുപേർ. അതിൽ വിദേശിയരുമുണ്ട്. കേരളത്തിലെ അലിഖിത നിയമങ്ങൾ അറിയാത്തതുകൊണ്ട് സീബ്രാലൈയിനിൽ സർക്കസ് അഭ്യാസികളെപ്പോലെ നില്ക്കുകയാണവർ. മനസ്സിൽ നന്മ അവശേഷിക്കുന്ന ഒരു വണ്ടിക്കാരൻ വണ്ടി നിർത്തി അവരെ പോകാൻ അനുവദിച്ചു. പുറകിൽ നിന്നും മറ്റ് വണ്ടിക്കാർ ഹോണടിച്ച് ബഹളം ഉണ്ടാക്കിയെങ്കിലും റോഡ് മുറിച്ചു കടന്ന ഒരു വിദേശി തിരിഞ്ഞ്നിന്ന് അയാളെ സല്യൂട്ട് ചെയ്തു.

4. രാത്രികാലങ്ങളിൽ ബീമ്മ്ലൈറ്റ് മാത്രം ഉപയോഗിക്കുക!

കമ്പനികൾ നിരത്തിലിറക്കുന്ന വണ്ടികളിൽ പാർക്കിംങ്ങ് ലൈറ്റ്, ഡിമ് ലൈറ്റ്, സൈഡ് ലൈറ്റ് തുടങ്ങി ഒത്തിരിയേറെ സൗകര്യങ്ങൾ നല്കുന്നുണ്ടെങ്കിലും കേരളത്തിൽ ഉപയോഗിക്കപ്പെടുന്നത് അലിഖിത നിയമപ്രകാരമുള്ള ഹൈബീമ്മ്ലൈറ്റ് മാത്രമാണ്. റോഡുകളിൽ ആവശ്യത്തിലേറെ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുള്ള നിരത്തുകളിൽ പോലും ഡിമ്മ് ലൈറ്റ് ഉപയോഗിക്കുന്നത് അന്തസ്സ് കുറഞ്ഞ കാര്യമായി മലയാളി കണക്കാക്കുന്നു. അതു കൂടാതെ, അന്തസ്സു കൂട്ടാൻ എക്സ്ട്രാ ലൈറ്റ് ഫിറ്റിംങ്ങ് ചെയ്യുന്നവരുമുണ്ട്.

5. പ്രൈവറ്റ് ബസ്സ് ഓടുന്ന നിരത്തിൽ മറ്റു വണ്ടികൾ ഓടിക്കരുത്!

പ്രൈവറ്റ് ബസ്സുകളുടെ കുടുംബസ്വത്തായാണ് പൊതുവെ കേരളത്തിലെ റോഡുകൾ കണക്കാക്കുന്നത്. അതുകൊണ്ടുതന്നെ എല്ലാ റോഡ് നിയമങ്ങളും ലംഘിക്കുവാനുള്ള അധികാരവും അവർക്കുണ്ട്. പിന്നിൽ വന്ന് ഹോണടിച്ച് പേടിപ്പിക്കുക, പകലുപോലും ലൈറ്റിട്ട് പോകുക, ബസ്സിന്റെ ഡോറിൽ അടിച്ച് ശബ്ദമുണ്ടാക്കി ബൈക്കുകാരെ ഭയപ്പെടുത്തുക, ഏതു വശത്തുകൂടിയും ഏതു വിധേനയും പോവുക തുടങ്ങി രസകരമായ ഒത്തിരിയേറെ കാര്യങ്ങൾ ചെയ്യാൻ സാധിക്കുന്നവരാണവർ. അവർ ആകെ പരാജയപ്പെടുന്നത് വി.ഐ.പി. കൾ ആരെങ്കിലും വരുന്ന ദിവസങ്ങളിൽ റോഡുകൾ ബ്ലോക്ക് ചെയ്യുമ്പോഴാണ്. അന്നേ ദിവസം നികുതി കൊടുത്ത് വി.ഐ.പി.കളെ വളർത്തുന്ന

സാധാരണക്കാരായ മനുഷ്യർ ബസ്സിലിരുന്ന് വി.ഐ.പി.കളെ ശപിക്കുകയും ചെയ്യും.

6. വിലകൂടിയ വണ്ടികൾ പോലീസ് ചെക്കിംങ്ങനായി നിറുത്തേണ്ടതില്ല!

പോലീസ് ഓഫീസേഴ്സ് ചെക്കിംങ്ങിനായി കേരളത്തിലെ നിരത്തുകളിൽ ഇറങ്ങുന്നത് പതിവു കാഴ്ചയാണ്. ഈ പതിവ് ശരി വച്ചു കൊണ്ടു തന്നെ ചെക്കിംങ്ങിനായി യാത്രക്കാരെ വണ്ടിയിൽ നിന്നും ഇറക്കി ബുദ്ധിമുട്ടിക്കരുതെന്ന് ബഹുമാനപ്പെട്ട ആഭ്യന്തര മന്ത്രി പോലീസിനോട് നിർദ്ദേശിച്ചിട്ടുമുണ്ട്. മാസാവസാനമാകുമ്പോൾ ഈ ചെക്കിംങ്ങ് ഉത്സവം കൂടുതലാണെന്ന കാര്യവും മലയാളികൾക്ക് സുപരിചിതമായ കാര്യമാണ്. കഴിഞ്ഞ മാസാവസാനദിവസങ്ങളിൽ പനമ്പിള്ളി നഗർ റോഡിൽ പതിവുള്ള ചെക്കിംങ്ങ് ഉത്സവ മഹാമഹം നടക്കുന്നു. ഒരു പാവം പോലീസ് ഓഫീസർ കൈ കാണിക്കുന്നു ചില വണ്ടികൾ നിർത്തുന്നു, ചിലത് പാവം ഓഫീസറെ കാണാത്ത രീതിയിൽ പോകുന്നു. നിർത്തുന്ന വണ്ടികളിൽ നിന്നും ഡ്രൈവർമാർ ബുക്കും പേപ്പറുമായി സീനിയർ ഓഫീസറുടെ അടുത്തേക്ക് ചെല്ലുന്നു. നിർത്തിയ വണ്ടികളും നിർത്താത്ത വണ്ടികളും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ കണ്ട വ്യത്യാസം, നിർത്തിയ വണ്ടികൾ എല്ലാം തന്നെ അഞ്ചു ലക്ഷത്തിനു താഴെ വിലവരുന്ന വണ്ടികളാണ്. നിർത്താതെ പോയവ അഞ്ചു ലക്ഷത്തിനു മുകളിൽ വില വരുന്ന ആഡംബരകാറുകളും. എന്നാൽ പോലീസ് ഓഫീസർമാർക്ക് പരിഭവം ഒന്നുമില്ലായിരുന്നു. അവർ നിരാശപ്പെടാതെ കൈ കാണിച്ചുകൊണ്ടേയിരുന്നു.

വേറെയുമുണ്ട് അലിഖിത നിയമങ്ങൾ. മലയാളികൾ സ്വന്തമായി കണ്ടു പിടിച്ചവ. എല്ലാം ഇവിടെ എഴുതി ബോറടിപ്പിക്കുന്നില്ല. ഇത് വായിച്ച് ആരും ദേഷ്യപ്പെടരുത്. ഈ അലിഖിത നിയമങ്ങളെക്കുറിച്ച് പഠിക്കാൻ ഒരു കമ്മീഷനെ നിയമിക്കുകയുമരുത്. എന്തിന് ഒരു പാഴ് ചിലവ്. ഇതെഴുതുന്ന ഞാനും വായിക്കുന്ന നിങ്ങളും തീരുമാനിച്ചാൽ പരിഹരിക്കാവുന്ന പ്രശ്നങ്ങളാണിതെല്ലാം. നമുക്കു തീരുമാനിച്ചു കൂടെ?

ഗവേഷകൻ

ഫെയ്സ് ബുക്ക്

ഫെയ്സ് ബുക്ക്, വാട്ട്സ് ആപ്പ് തുടങ്ങിയ സോഷ്യൽ മീഡിയ വളരെ വേഗം ആധുനിക ജീവിതത്തിന്റെ ഭാഗമായിക്കൊണ്ടിരിക്കുന്നു. വ്യാപകമായുള്ള ഇതിന്റെ ഉപയോഗം നല്ലതും മോശവുമായ ഫലങ്ങൾ ഉളവാക്കുന്നുണ്ട്. ഫെയ്സ് ബുക്ക് ഉപയോഗത്തെ സംബന്ധിച്ചു ന്യൂയോർക്കിലെ യൂണിയൻ കോളെജിലെ ഗവേഷകർ ഒരു പഠനം നടത്തി. 18 വയസിനും 83 വയസിനും ഇടയിൽ പ്രായമുള്ള 600 ആളുകളെയാണ് അവർ പഠനവിധേയമാക്കിയത്. ഫെയ്സ് ബുക്ക് ഉപയോഗിക്കുന്ന രീതികളെക്കുറിച്ചും, ഫെയ്സ്ബുക്കു ബന്ധങ്ങളെക്കുറിച്ചുമാണ് ഇവരിൽ പഠനം നടത്തിയത്.

ഗവേഷണഫലമനുസരിച്ചു ബന്ധങ്ങളിൽ സുരക്ഷിതത്വബോധമില്ലാത്തവർ കൂടുതൽ സമയം ഫെയ്സ്ബുക്കിൽ ചെലവഴിക്കുന്നവരെത്രെ. നിരന്തരമായി ഫോട്ടോകളും വിവരങ്ങളും പോസ്റ്റു ചെയ്യുന്നവരും, കമന്റുകൾ നല്കുന്നവരും, അപ്ഡേറ്റുകളും, 'ലൈക്കു'കളും നടത്തുന്നവരും ഈ ഗണത്തിൽ പെടുന്നവരാണ്. മറ്റുള്ളവരുടെ ശ്രദ്ധ പിടിച്ചു പറ്റാനുള്ള വ്യഗ്രതയും ഇതിന്റെ പിന്നിലുണ്ടെന്നു ഗവേഷകർ പറയുന്നു.

ചുരുക്കത്തിൽ ഓരോരുത്തരുടെയും വ്യക്തിത്വത്തിന്റെ പ്രകടനം കൂടിയാണ് ഫെയ്സ്ബുക്ക്/വാട്ട്സ് ആപ്പ് ഉപയോഗം. സോഷ്യൽ മീഡിയ എപ്രകാരം നാം ഉപയോഗിക്കുന്നു എന്നുള്ളത് വളരെ പ്രധാനമാണ്. ഇതിനോടു പക്വമായ സമീപനം വളരെ ആവശ്യമാണ്. ആശയവിനിമയോപാധി എന്നതിൽ കവിഞ്ഞ് ഇത് നമ്മെ കീഴടക്കാൻ ഇടവരുത്തരുത്. യഥാവിധി ഇതിന്റെ ഉപയോഗം കുട്ടികളെ പഠിപ്പിക്കേണ്ടത് മാതാപിതാക്കളുടെയും അധ്യാപകരുടെയും ഉത്തരവാദിത്വമാണ്. സോഷ്യൽ മീഡിയയുടെ പ്രസക്തിയെക്കുറിച്ചും അതിന്റെ ഉപയോഗത്തെക്കുറിച്ചും, ഒപ്പം അതിന്റെ അപകടങ്ങളെക്കുറിച്ചും നമ്മുടെ സമൂഹത്തെ ബോധവാന്മാരാക്കേണ്ടത് ആവശ്യമാണ്. നമ്മുടെ യൂണിറ്റു മീറ്റിംഗുകളിലെ ചർച്ചകൾ ഇതിലേക്കു ശ്രദ്ധ തിരിയാൻ ഇടവരട്ടെ.

ദൈവം നമ്മുടെ പക്ഷത്ത്

(റോമ. 8:31-39)

വി.ഗ്രന്ഥത്തിന്റെ ഏറ്റവും ആശ്വസിപ്പിക്കുന്നതും ഉണർവ്വേകുന്നതുമായ വചനഭാഗത്ത് റോമ. 8:31-39 പ്രത്യാശ നല്കുന്ന മൂന്ന് ഉറപ്പുകളാണ് വി. പൗലോസ് ഇവിടെ പ്രഖ്യാപിക്കുക-ദൈവം നമ്മുടെ കൂടെയുള്ളതിനാൽ 1) നമുക്ക് എതിരാളികളില്ല, 2) ശിക്ഷാവിധിയില്ല (33-34), 3) വേർപിരിയൽ (separation) (35-39) ഇല്ല.

"ആര് നമുക്ക് എതിരു നില്ക്കും?" (31-34)

ഈ വചനഭാഗം പുരോഗമിക്കുന്നത് ഏഴ് ചോദ്യങ്ങളിലൂടെയാണ്. ക്രിസ്തുവിലൂടെയുള്ള ദൈവസ്നേഹത്തിനുള്ള (യോഹ. 3:4) ഒരു കീർത്തനമായി ഈ ഭാഗത്തെ കണക്കാക്കാം. ഇതിനെതിരെയുള്ള ഏത് എതിർപ്പിനെയും ഖണ്ഡിക്കുവാനാണ് ശ്ലീഹാ ഈ ചോദ്യശൈലിയിലൂടെ ശ്രമിക്കുന്നത്.

"ദൈവം നമ്മുടെ പക്ഷത്ത്." എന്നതിലൂടെ ദൈവത്തിന്റെ അനന്തസ്നേഹത്തെയാണ് വി. പൗലോസ് വർണ്ണിക്കാൻ ശ്രമിക്കുന്നത്. "ആരാണ് നമുക്ക് എതിരു നില്ക്കുന്നത്" എന്ന ചോദ്യത്തെക്കാളും "ദൈവം നമ്മുടെ പക്ഷത്തെങ്കിൽ ആര് നമുക്ക് എതിരുനില്ക്കും?" എന്നതാണ് പ്രതിപാദ്യം. 'പക്ഷത്തെങ്കിൽ' ഒരു സാധ്യത ആയിട്ടല്ല ഇവിടെ പ്രത്യക്ഷപ്പെടുക. മറിച്ച് ഒരു ഉറപ്പായിട്ടാണ് പോൾ ഉപയോഗിക്കുക. അതായത് 'ദൈവം നമ്മുടെ പക്ഷത്താണ്.' 'എതിരാളി' എന്ന പദം വി.ഗ്രന്ഥപശ്ചാത്തലത്തിൽ 'പിശാചി'നെയാണ് സൂചിപ്പിക്കുന്നത്. ഉദാ. ജോബ് 1-2, സക്കറിയ 3. ചുരുക്കത്തിൽ പിശാചിന്റെ എല്ലാ കുതന്ത്രങ്ങളും നിലനില്ക്കുകയില്ല എന്നു ചുരുക്കം.

"സ്വപുത്രനെ...ഏല്പിച്ചു തന്നവൻ"(32)

ദൈവം മനുഷ്യകുലത്തിനുവേണ്ടി ചെയ്ത ഏറ്റവും മഹത്തര

മായ കാര്യമാണ് സ്വപുത്രനെപ്പോലും ഒഴിവാക്കാതെ അവനെ നമുക്ക് ഏല്പിച്ചു തന്നത്. ഇതിനപ്പുറം മറ്റൊരു വലിയ സമ്മാനം ദൈവത്തിനു മനുഷ്യനു നല്കുവാനില്ല. അങ്ങനെയെങ്കിൽ ഇതിലും മൂല്യം കുറഞ്ഞ ബാക്കിയെല്ലാം മനുഷ്യനു ദാനമായി നല്കാൻ ദൈവത്തിന് എത്രയോ എളുപ്പമാണ്!

കുറ്റാരോപണമില്ല (33-34)

ലോകത്തിന്റെ കുറ്റാരോപണങ്ങളിലൂടെയും വിധികളിലൂടെയും നാം കടന്നുപോയാലും, ദൈവത്തിന്റെ നമ്മോടുള്ള സ്നേഹം അനന്ത മാകയാൽ അവിടന്ന് നമ്മെ ഒരിക്കലും വിധിക്കുന്നില്ല. മറിച്ച് നമ്മെ നീതികരിക്കുന്നവനാണ് അവിടന്ന്. എത്ര വലിയ പാപവും ലോകം നമ്മിൽ ആരോപിച്ചാലും ക്രിസ്തുവിന്റെ രക്ഷിക്കുന്ന സ്നേഹം നമുക്കായി നീതീകരണം നേടിയെടുത്തിരിക്കുന്നു. ചുരുക്കത്തിൽ ദൈവത്തിന്റെ ക്രിസ്തുവിലൂടെയുള്ള പദ്ധതി മനുഷ്യനെ പൂർണ്ണമായി രക്ഷിക്കുവാനുള്ളതാണ്.

ക്രിസ്തുവിലൂടെ പൂർത്തീകരിക്കപ്പെടുന്ന നാല് കാര്യങ്ങളാണ് നമ്മുടെ രക്ഷ ദൈവസന്നിധിയിൽ ഉറപ്പാക്കുന്നത് - 1) അവന്റെ മരണം, 2) ഉത്ഥാനം, 3) അധികാരത്തിന്റെ വലത്തുഭാഗത്തുള്ള അവന്റെ സ്ഥാനം, 4) അവന്റെ മാധ്യസ്ഥ്യം.

മാധ്യസ്ഥ്യം വഹിക്കുക എന്ന നീതിന്യായ കോടതിയിലെ അഭിഭാഷകന്റെ അതേ ഭാഗം തന്നെയാണ് ഇവിടത്തെ സൂചന. ദൈവസന്നിധിയിൽ ക്രിസ്തുവാണ് നമ്മുടെ അഭിഭാഷകൻ. തന്റെ ജീവൻ തന്നെ അച്ചാരമായി നല്കികൊണ്ട് അവൻ നമുക്കായി വിജയം മുൻപെ തന്നെ നേടിയിരിക്കുന്നു.

ക്രിസ്തുവിൽ നിന്നും വേർപിരിയലില്ല (35-39)

അനാദിമുതലെ ദൈവം നമ്മെ സ്നേഹിക്കുന്നതിനാൽ ദൈവത്തിന്റെ സ്നേഹം നിത്യമാണ്. നിത്യതയോളം തുടരുന്ന ദൈവ സ്നേഹത്തെപ്പറ്റിയാണ് പോൾ ഇവിടെ പ്രതിപാദിക്കുക (v 35, 37, 39). ഈ സ്നേഹത്തിൽ നിന്ന് നമ്മെ വേർതിരിക്കുന്ന ഘടകങ്ങളെ

ഇവിടെ പരാമർശിക്കുന്നു - ക്ലേശം, ദുരിതം, പീഡനം, പട്ടിണി, നഗ്നത, ആപത്ത്, വാൾ etc.

ഒരു പക്ഷേ, ഇവിടെ ശ്രദ്ധേയമായ ചോദ്യം ആര് നമ്മെ ക്രിസ്തുവിൽനിന്നും വേർതിരിക്കും എന്നതല്ല. മറിച്ച്, ക്രിസ്തുവിന് നമ്മോടുള്ള സ്നേഹത്തിൽ നിന്ന് ആര് നമ്മെ വേർപ്പെടുത്തും! ഇവിടെ പകൽപോലെ ഉറപ്പായിട്ടുള്ളത് ദൈവത്തിന്റെ നമ്മോടുള്ള നിത്യമായ സ്നേഹമാണ്. ഏതു സാഹചര്യത്തിലൂടെ നാം കടന്നു പോകുമ്പോഴും ഈ സ്നേഹം നമ്മോടൊത്തുണ്ടായിരിക്കും.

റോമൻ സഭാസമൂഹം കടന്നുപോയ സഹനങ്ങളുടെ പശ്ചാത്തലത്തിലായിരിക്കാം പോൾ ഈ വ്യാഖ്യാനം നടത്തുക (35). ഒരു പക്ഷേ, പോൾ കടന്നുപോയ സഹനത്തിന്റെ അതേ അവസ്ഥ തന്നെയാണ് (2 കൊറി 11:26-27;12:10) ഇവിടെയും പരാമർശ വിഷയം.

ജീവനോ മരണത്തിനോ...
ഇക്കാലത്തുള്ളവയ്ക്കോ വരാനിരിക്കുന്നവയ്ക്കോ...
ഉയരത്തിനോ ആഴത്തിനോ...(38-39)

ജീവനും മരണവുമാണ് മനുഷ്യന്റെ ഏറ്റവും വലിയ ആകുലതകൾ. ഇവ പോലും നിത്യജീവന് നമുക്ക് ഭീഷണിയല്ല! കാരണം നാം ജീവിക്കുന്നതും മരിക്കുന്നതും ദൈവസ്നേഹത്തിലാണ്. ഇപ്പോഴത്തെ നമ്മുടെ അനുഭവങ്ങൾ, അവ എപ്രകാരമുള്ളതാകട്ടെ അവയ്ക്കും, നാം ആകുലതയോടെ കാത്തിരിക്കുന്ന ഭാവിയിലെ ഏത് അവസ്ഥയാകട്ടെ അവയ്ക്കും ക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽ നിന്ന് നമ്മെ വേർപെടുത്താൻ സാധിക്കുകയില്ല. മൂന്നാമതായി ആഴിയുടെ അഗാധതയും ആകാശത്തിന്റെ ഉന്നതിയും ദൈവസ്നേഹത്തെ ഒഴിവാക്കുന്നില്ല. മറിച്ച് എവിടെയും അവിടത്തെ സ്നേഹം കൊണ്ട് നിറഞ്ഞിരിക്കുന്നു. ചുരുക്കത്തിൽ ജനമൃതികൾക്കോ സ്ഥലകാലങ്ങൾക്കോ നമ്മെ ദൈവസ്നേഹത്തിൽ നിന്നും ഒഴിവാക്കാൻ അസാധ്യമാണ്.

സന്ദേശം
ക്രിസ്തു: ഏറ്റവും വലിയ സമ്മാനം

ജീവിതത്തിലെ സൗഭാഗ്യങ്ങളെയെല്ലാം ദൈവത്തിന്റെ സമ്മാനമായി കരുതുന്നതിൽ വിമുഖത കാണിക്കാത്തവനാണ് വിശ്വാസി. ജീവൻ, സമ്പത്ത്, മക്കൾ, ആരോഗ്യം, സൗന്ദര്യം, തൊഴിൽ എന്നിവയെല്ലാം ഈ കാഴ്ചപ്പാടനുസരിച്ച് ദൈവസമ്മാനങ്ങളാണ്. നമ്മുടെ കൃതജ്ഞതാ പ്രാർത്ഥനകളിലെ വിഷയം പലപ്പോഴും ഇവയാണ്.

എന്നാൽ, നാം തിരിച്ചറിയേണ്ട യാഥാർത്ഥ്യം, ഇവയെല്ലാം ഒരുനാൾ തീർന്നുപോവുകയോ ഇല്ലാതാകുകയോ ചെയ്യുന്നു എന്നതാണ് ഈ സാഹചര്യത്തിൽ നമ്മിൽ നിറയുന്നത് കടുത്തദുഃഖം, നിരാശ, ഇച്ഛാഭംഗം എന്നിവയാണ്. ഇവിടെയാണ് വളരെ പ്രസക്തമായ ഒരു ചോദ്യത്തിന് നാം ഉത്തരം കണ്ടെത്തേണ്ടത്. ചോദ്യം ഇപ്രകാരമാണ്, ഒരിക്കലും തീർന്നുപോവുകയോ നശിക്കുകയോ ഇല്ലാത്ത നിത്യമായ ഏതെങ്കിലും സമ്മാനം ദൈവം മനുഷ്യകുലത്തിനു നല്കിയിട്ടുണ്ടോ? ഉണ്ട് എന്നാണ് വി. ഗ്രന്ഥം നമ്മെ പഠിപ്പിക്കുന്നത് അത് രക്ഷകനായ യേശുക്രിസ്തുവാണ്! വി. ശ്ലീഹാ ഈ വചനഭാഗത്തിലൂടെ പറയുന്നതും ഇതു മാത്രമാണ്. യേശുവാണ് ഏറ്റവും വലിയ സമ്മാനം. ഈ സമ്മാനത്തെ ഹൃദയപൂർവ്വം സ്വീകരിക്കുക.

ക്രിസ്തു ഏക രക്ഷകൻ: സ്വപുത്രൻ, ദൈവത്തിന്റെ വലതുഭാഗത്തിരിക്കുന്ന മദ്ധ്യസ്ഥൻ, ദൈവത്തിന്റെ സ്നേഹം (39) എന്നിങ്ങനെയെല്ലാം യേശുവിനെ വിശേഷിപ്പിക്കുക വഴി അവൻ നമ്മുടെ ഏകരക്ഷകനായി ഉറപ്പിക്കുകപ്പെടുകയാണ്. ക്രിസ്തുവിനെ സ്വീകരിക്കുക; അവനിൽ വിശ്വസിക്കുക എന്നതാണ് ഇനി മുതൽ നിത്യരക്ഷക്കടിസ്ഥാനം. ക്രിസ്തു ഇപ്രകാരം നിത്യരക്ഷയ്ക്ക് നമുക്കുള്ള ഉറപ്പായി (Security)ത്തീരുന്നു. അവനിൽ വിശ്വസിച്ചാൽ നമുക്ക് രക്ഷ പ്രാപിക്കും എന്നത് എന്തുമാത്രം ആശ്വാസകമാണ്!

വിധിക്കുന്നവൻ ദൈവം: നാം ദൈവത്തെ സ്നേഹിക്കുകയല്ല, മറിച്ച് ദൈവം നമ്മെ സ്നേഹിക്കുകയാണ് ചെയ്യുന്നത്. ഇപ്രകാരം ദൈവം നമ്മെ സ്നേഹിക്കുന്നതിനാൽ അവിടന്ന് സ്നേഹിക്കുന്ന ആരെയും വിധിക്കാനോ കുറ്റം ആരോപിക്കുവാനോ നമുക്ക് അവകാശമില്ല. അനുദിനജീവിതത്തിൽ ഏറെ മുൻകരുതലോടെ ശ്രദ്ധിക്കേണ്ട വീണ്ടുവിചാരത്തിന്റെ മേഖലയാണിത്. നമ്മുടെ അകാരണമായ മുൻവിധികളും ആരോപണങ്ങളും സ്നേഹത്തിനെതിരെയുള്ള കടന്നാക്രമണമായിത്തീരുന്നത് ഇപ്രകാരമാണ്.

നിരുപാധികമായി സ്നേഹിക്കുക: ദൈവസ്നേഹത്തിന് ഏറെ പ്രത്യേകതയുണ്ട് – ക്രിസ്തുവിൽ നാം കാണുന്നതെല്ലാമാണ് ദൈവസ്നേഹത്തിന്റെ പ്രത്യേകതകൾ. മറ്റൊന്നും ആഗ്രഹിക്കാതെ നിരുപാധികം സ്നേഹിക്കുക എന്നതാണിത്. മറ്റുള്ളവരെ നിരുപാധികം സ്നേഹിക്കുക എന്നതാണ് ഈ വചനഭാഗത്തിന്റെ ഒരു പ്രധാനക്ഷണം.

കാരുണ്യവർഷത്തിന്റെ സന്ദേശവും ഇപ്രകാരമുള്ള നിരുപാധികസ്നേഹമാണ്. വിട്ടുവീഴ്ചകൾക്കു മനസ്സില്ലാത്തതും ക്ഷമിക്കാനും മറക്കാനും താത്പര്യമില്ലാത്തിടത്തൊന്നും ക്രിസ്തുവിന്റെ സ്നേഹം മാംസം ധരിക്കുന്നില്ല. വ്യക്തികളും സഭാസമൂഹങ്ങളും ഇപ്രകാരമുള്ള സ്നേഹത്തിലേക്ക് എന്നു വളരും എന്നതും ആത്മീയ ജീവിതത്തിന്റെ വലിയ ആകുലതയാണ്.

പ്രായോഗികതലം

1. വ്യത്യസ്ത മതങ്ങളും വിശ്വാസങ്ങളും നിലനില്ക്കുന്ന നമ്മുടെ സമൂഹത്തിന് ക്രിസ്തുവിനെ എപ്രകാരം ഏകരക്ഷകനായി അവതരിപ്പിക്കുവാനായി സാധിക്കും? ഇതു സംബന്ധിച്ചുള്ള സഭയുടെ പഠനങ്ങളും കാഴ്ചപ്പാടുകളും പഠനവിഷയമാക്കുക.
2. കാരുണ്യവർഷത്തിൽ ഈശോയുടെ നിരുപാധിക സ്നേഹം പ്രാവർത്തികമാക്കാവുന്ന എന്തെങ്കിലും വ്യക്തിപരമോ, പൊതുവായതോ ആയ തീരുമാനം സ്വീകരിക്കുക.

ഒരു മിഷനറിയുടെ അനുഭവം

ജോസഫ് അച്ചൻ നീണ്ട 10 വർഷക്കാലം വെസ്റ്റ് ഇൻഡീസിൽ ഒരു മിഷനറിയായിരുന്നു. തന്റെ പൗരോഹിത്യ ജീവിതത്തിന്റെ വിശ്വാസ തീക്ഷ്ണതയിൽ അദ്ദേഹം കഠിന പ്രയത്നം ചെയ്തു. കൂദാശകൾ പരികർമ്മം ചെയ്തും വചനപ്രഘോഷണം നടത്തിയും, കുട്ടികളെ പഠിപ്പിച്ചും, തന്റെ ദൗത്യം അദ്ദേഹം നിർവ്വഹിച്ചു. ജീവിതത്തിന്റെ ഇരുണ്ടതും, വെളുത്തതുമായ അനുഭവങ്ങളെ നേരിടുന്ന ഒരു ജനസമൂഹത്തെയാണ് അന്നാട്ടിൽ അദ്ദേഹം കണ്ടത്. ഒരു വശത്തു പട്ടിണിയും ദാരിദ്ര്യവും. എന്നാൽ മറുവശത്ത് ആഡംബരത്തിലും പാശ്ചാത്യസംസ്കാരത്തിലും മുങ്ങിയിരിക്കുന്ന ചില നഗരപ്രദേശങ്ങൾ.

തന്റെ മിഷനറിജീവിതത്തിന്റെ ഫലങ്ങൾ മുള പൊട്ടാതെ വന്നപ്പോഴാണ് വെസ്റ്റ് ഇൻഡീസിന്റെ ചരിത്രം അദ്ദേഹം പരിശോധിച്ചത്. നീണ്ട വർഷം പാശ്ചാത്യ രാജ്യങ്ങളുടെ കോളനി വാഴ്ചയിൽ ഞെരിഞ്ഞമർന്ന ജനതയുടെ മനസ്സിൽ കനത്ത പകയും വിരോധവുമാണ്. തങ്ങളുടെ സംസ്കാരത്തെയും ജീവിതശൈലികളെയും, പ്രകൃതിയെയും ഉഴുതുമറിച്ചു സമ്പത്തു കവർന്നെടുത്ത പാശ്ചാത്യ രാജ്യങ്ങളോടുള്ള എതിർപ്പ് വെസ്റ്റ് ഇൻഡ്യൻ ജനതയുടെ രക്തത്തിൽ അലിഞ്ഞിരിക്കുന്നു! കോളനിവാഴ്ചയിലൂടെ ജനസമൂഹങ്ങളെ അടിച്ചമർത്തുന്ന അധികാര തേർവാഴ്ചകളുടെ നേർകാഴ്ചയാണ് മേൽ വിവരിച്ചത്. സുവിശേഷ സത്യങ്ങളെപോലും സ്വീകരിക്കാൻ തയ്യാറാവാതെ വിഘടിച്ചു നില്ക്കുന്ന ഒരു സമൂഹം!

ലോകത്തു നടന്നിട്ടുള്ള/നടക്കുന്ന എല്ലാ കോളനി വാഴ്ചകളിലൂടെയും സംസ്കാരവും, പരിസ്ഥിതിയും, നൈസർഗികമായ ജീവിത രീതികളും കൊല ചെയ്യപ്പെടുന്നു.

ഈ വിധമുള്ള കോളനിവാഴ്ചകളുടെ അധികാരതിമിർക്കലുകൾ നമ്മുടെ വ്യക്തിജീവിതത്തിലും കടന്നേക്കാം. തനിക്കു കീഴ്പ്പെട്ടവരെ ഒരു വിധത്തിലും മാനിക്കാതെ ഏകാധിപത്യപരമായ മനോഭാവം വച്ചുപുലർത്തുന്നവർ ഇതിനുദാഹരണമാണ്. ദരിദ്രന്റെ മേലുള്ള ചൂഷണവും, കാര്യം നടത്താൻ കൈക്കൂലി ചോദിക്കുന്ന വ്യക്തിയും, ആദിവാസി സമൂഹത്തെയും അവരുടെ ആവാസവ്യവസ്ഥയെയും ഇല്ലായ്മ ചെയ്യാൻ ശ്രമിക്കുന്ന ഭരണ നേതൃത്വവും ഇതിനു തെളിവുകളാണ്.

വ്യക്തി ജീവിതത്തിലും, കുടുംബജീവിതത്തിലും, യൂണിറ്റു പ്രവർത്തനത്തിലും കോളനിവാഴ്ചയുടെ മനോഭാവങ്ങൾ ഉണ്ടോ എന്നു പരിശോധിക്കാവുന്നതാണ്.

■

ബോബി ജോൺ മലയിൽ

സമ്പന്നതയിൽ നഷ്ടപ്പെടുന്ന ദൈവം

റോബിൻ കിടപ്പിലായി; പറ്റുമെങ്കിൽ നീ പോയി അവനെ ഒന്ന് കാണണം. എന്റെ സുഹൃത്ത് ഫോണിലൂടെ എന്നെ അറിയിച്ചപ്പോൾ പെട്ടെന്ന് ഞാൻ ഞെട്ടിപ്പോയി. എന്റെ ഓർമ്മകൾ ഏതാണ്ട് ഇരുപത് വർഷം പുറകിലേക്ക് പോയി. റോബിൻ പ്രീഡിഗ്രി കഴിഞ്ഞ് ഇന്റീരിയൽ ഡിസൈനിങ്ങ് പഠിച്ചു. തുടർന്ന് ചെറിയ വർക്കുകൾ അവൻ ഏറ്റെടുത്തു നടത്തുവാൻ തുടങ്ങി. അവന്റെ ദൈവവിശ്വാസവും, ആത്മീയ അറിവും ഞങ്ങൾ കൂട്ടുകാർക്ക് വലിയ പ്രചോദനമായിരുന്നു. കലൂർ പള്ളി, തേവര പള്ളി എന്നിവിടങ്ങൾ സ്ഥിരമായി അവൻ നൊവേനയിൽ പങ്കെടുത്തും ഇടവകയിലെ യൂത്ത് സംഘടനയുടെ സാരഥിയായും ജീവകാരുണ്യ പ്രവർത്തകനായും, എന്നും ദിവ്യബലിയിൽ സംബന്ധിച്ചും ഏവർക്കും മാതൃകയായ യുവാവ്.

ദൈവാനുഗ്രഹത്താൽ റോബിന്റെ ഉയർച്ച വളരെ വേഗത്തിലായിരുന്നു. ഏതാണ്ട് പത്തു വർഷംകൊണ്ട് കേരളത്തിലെ അറിയപ്പെടുന്ന സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും ഇന്റീരിയൽ വർക്കിൽ അവന്റെ കൈയ്യൊപ്പ് പതിഞ്ഞു, വളരെ പ്രശസ്തിയിലേക്ക് അവൻ ഓടിക്കയറി. ഒപ്പം സാമ്പത്തികമായും വളരെയേറെ വളർന്നു. ആഡംബര ജീവിതശൈലിക്കുടമയായി. പലരും അവന്റെ വളർച്ചയിൽ അസൂയപ്പെട്ടു. ഒരുപാട് നാളുകൾക്കുശേഷം ഒരു വിവാഹപാർട്ടിയിൽ വച്ച് റോബിനെ കാണാനിടയായി. ഒരു മുതലാളിയുടെ ഗമയോടെ വലിയ കാര്യങ്ങൾ മാത്രം അവൻ സംസാരിച്ചു. കൂട്ടത്തിൽ എന്നും യാത്രകളും മീറ്റിംഗുകളുമാണ്. തിരക്കോടു തിരക്ക്. എന്തിന് ഞായറാഴ്ചകളിൽപോലും ദിവ്യബലിയിൽ സംബന്ധിക്കുവാൻ കഴിയുന്നില്ല എന്ന മറുപടി എന്നെ കൂടുതൽ അത്ഭുതപ്പെടുത്തി. തമ്പുരാനോട് ഏറെ അടുത്തു നിന്നവൻ. എല്ലാ ജീവിതവിജയങ്ങൾക്കുമായി ദൈവത്തോട് നിരന്തരം പ്രാർത്ഥിച്ചവൻ പണത്തിനുവേണ്ടിയുള്ള ആവേശത്തിൽ

ആദ്യം മറന്നത് തമ്പുരാന്റെ കൂടെ അല്പസമയം ആയിരിക്കുക എന്നത്. ഏതാനും മാസം മുമ്പാണ് തൃശൂർ മണ്ണുത്തിയിൽവച്ച് റോബിന്റെ ഓഡി കാർ ലോറിയുമായി കൂട്ടിയിടിക്കുന്നത്. നട്ടെല്ലിനും കഴുത്തിനും ഗുരുതരമായ പരിക്കോടെ അനങ്ങാൻപോലും സാധിക്കാതെ വീട്ടിൽ അവൻ കിടക്കുന്നു. തമ്പുരാന്റെ കൃപകൊണ്ടാണ് ജീവൻ തിരിച്ചുകിട്ടിയത്. "മകനേ നീ ഓർമ്മിക്കുക നിനക്കു ജീവിതകാലത്ത് എല്ലാ സുഖസൗകര്യങ്ങളും ലഭിച്ചിരുന്നു" (ലൂക്ക 16:25). ദൈവത്തെ മറന്നുള്ള ഓട്ടമായിരുന്നു കുറേക്കാലമായി ഇവൻ. റോബിനെ കാണാൻ ചെന്നപ്പോൾ അവന്റെ അമ്മയുടെ വാക്കായിരുന്നു ഇത്. ശരിയല്ലേ എന്ന് എനിക്കും തോന്നി.

നമ്മുടെ ചുറ്റും ഇതുപോലെ തമ്പുരാനെ നല്ല കാലത്ത് ഉപേക്ഷിക്കുന്ന റോബിന്മാരുടെ എണ്ണം കൂടി വരുകയാണ്. നമ്മുടെ സമ്പത്തിന്റെ പിൻബലത്തിൽ ദൈവവിശ്വാസം വെറും ഭക്ത്യഭ്യാസമായി മാറുന്ന ഒരു പുതിയ ശൈലിയുടെ ഭാഗമായി നമ്മൾ മാറുന്നുവോ? നമ്മളുടെ നിസ്സഹായാവസ്ഥയിൽ ദൈവമേ എന്ന് വിളിച്ച് പ്രാർത്ഥിച്ചപ്പോൾ, ആശ്വാസദായകനായി, കൃപാവരം ചൊരിഞ്ഞ് അനുഗ്രഹിച്ചവനെ മറന്ന്, എന്തിനും പരിഹാരമായി എന്റെ സമ്പത്ത് എനിക്ക് തണലേകും എന്ന സ്വാർത്ഥമതികളായി നാം മാറുന്നു. എബ്രായ കവി ദാവീദ് പറയുന്നു, സർവ്വേശ്വരനിൽ ആശ്രയിക്കുന്നവൻ കുലുങ്ങാതെ എന്നേയ്ക്കും നില്ക്കുന്ന സിയോൻ പർവ്വതം പോലെയാകുന്നു. നമ്മുടെ ഓരോ ഉയർച്ചയിലും അഹങ്കരിക്കാതെ, കൂടുതൽ ദൈവാശ്രയത്തോട് ചേർന്നുനില്ക്കുവാനും, അതിലൂടെ ഇല്ലാത്തവനിലേക്ക് നമ്മുടെ പങ്ക് പകർന്നു കൊടുക്കുവാനും കഴിയട്ടെ.

ജേക്കബ് ചേട്ടൻ സ്വന്തം പരിശ്രമത്താൽ ചെറിയ കച്ചവടത്തിലൂടെ തുടങ്ങി, ഇന്ന് വലിയ വ്യാപാരിയായി മാറി. ഏതാണ്ട് നൂറു കോടിയുടെ സ്വത്തിന്റെ ഉടമ. ഭാര്യയും നല്കി ആൺമക്കളും രണ്ട് പെൺമക്കളും അടങ്ങുന്ന സന്തുഷ്ട കുടുംബം. ജേക്കബ് ചേട്ടന് പ്രായം 82. പ്രത്യേകിച്ച് ഒരു അസുഖവും ഇല്ല. ഉറച്ച ദൈവവിശ്വാസി. എന്നും പള്ളിയിൽ പോയി ദിവ്യബലിയിൽ സംബന്ധിക്കും. ഈയിടെയായി ജേക്കബ് ചേട്ടന് ചെറിയ അസ്വസ്ഥത. ഉറക്കകുറവ് അവിടെ വേദന, ഇവിടെ വേദന. പല വിദഗ്ദ്ധ ഡോക്ടർമാരെയും മക്കൾ മാറി മാറി കാണിച്ചു. വിവിധ ടെസ്റ്റുകൾ നടത്തി, സി.ടി. സ്കാൻ ഉൾപ്പെടെ. എല്ലാ ഡോക്ടർമാർക്കും ഒരേ അഭിപ്രായം. യാതൊരുവിധ തകരാറും

ഇദ്ദേഹത്തിനില്ല. മക്കളായിട്ടും ഭാര്യയുമായും നല്ല ബന്ധം. ആർക്കും മനസ്സിലാവുന്നില്ല. ജേക്കബ് ചേട്ടന്റെ അസ്വസ്ഥതയുടെ കാരണം. മക്കൾ എല്ലാവരും ഒരുമിച്ചിരുന്ന് ആലോചിച്ച് എന്താണ് അപ്പച്ചന്റെ ഇപ്പോഴത്തെ പ്രശ്നം. അപ്പോഴാണ് മൂത്ത മകൻ ജോയി ഒരു കാര്യം ഓർത്തെടുത്തത്. ഒരു മാസം മുമ്പ് വസ്തുഭാഗം വയ്ക്കുന്നത് ചെറുതായി അപ്പനോട് ആദ്യമായി സൂചിപ്പിച്ചു. എന്നായാലും വേണമല്ലോ; അപ്പനാണെങ്കിൽ പ്രായം കൂടി വരുന്നു. ഇത്രയേ മകൻ ഉദ്ദേശിച്ചുള്ളൂ. സംഗതിയുടെ കിടപ്പ് അപ്പോഴാണ് എല്ലാവർക്കും പിടി കിട്ടിയത്. അസ്വസ്ഥതയുടെ പ്രധാന കാരണം ഇതാണ്. ഭാഗം വെയ്ക്കുന്നത്. അന്നു തുടങ്ങിയതാണ് ഈ വല്ലായ്മ.

ഇന്ന് "അതിപുരാതന സിറിയൻ കത്തോലിക്ക കുടുംബം" എന്ന് നാടുനീളെ വലിയ വായിൽ അഭിമാനത്തോടെ പറയുന്ന പല കുടുംബങ്ങളിലും മുകളിൽ പറഞ്ഞിരിക്കുന്ന ജേക്കബ് അപ്പച്ചന്മാർ അസ്വസ്ഥതയുടെ പുക ഉയർത്തുകയാണ്. പഴയനിയമം ഉൽപത്തി പുസ്തകത്തിൽ നോഹയുടെ ആയുസ്സ് 950 വർഷമാണ്. സാധിക്കുമെങ്കിൽ അത്രയും കാലമെങ്കിലും എല്ലാം സ്വന്തം കൈയ്യിൽ സൂക്ഷിച്ച് ജീവിക്കണമെന്നാണ് ഇവരെ പോലെയുള്ളവരുടെ വലിയ ആഗ്രഹം. വിട്ടു കൊടുക്കാൻ മടി. ഒന്നും എഴുതിവയ്ക്കാതെ അവസാനം അപ്പന്റെ മരണ ശേഷം സഹോദരങ്ങൾ തമ്മിൽ കേസ്, അടിപിടി, കോടതി എന്നീ ക്രമത്തിൽ നാട്ടുകാർക്ക് പറഞ്ഞ് രസിക്കുവാൻ നിറംപകർന്ന കഥകളുമായി കുടുംബങ്ങൾ തകരുന്നു. "ഭോഷാ ഈ രാത്രി നിന്റെ ആത്മാവിനെ നിന്നിൽനിന്ന് ആവശ്യപ്പെടും." അപ്പോൾ നീ ഒരുക്കിവച്ചിരിക്കുന്നവ ആരുടേതാകും? ഇതുപോലെയാണ് ദൈവസന്നിധിയിൽ സമ്പന്നനാകാതെ തനിക്കുവേണ്ടി സമ്പത്തു ശേഖരിച്ചു വയ്ക്കുന്നവനും (ലൂക്ക 12:20-21). മാതാപിതാക്കൾ ജീവിച്ചിരിക്കുമ്പോൾ തന്നെ തമ്പുരാൻ അനുഗ്രഹിച്ചു നല്കിയ സ്വത്ത് സന്തോഷത്തോടെ മക്കൾക്ക് ഭാഗംവെച്ചു കൊടുക്കുന്നത് നല്ല മാതൃകയാണ്. ആകുലതകളും അസ്വസ്ഥതകളും ഇല്ലാതെ നമ്മുടെ ഭവനങ്ങൾ മാറില്ലേ?

മുകളിൽ പറഞ്ഞ രണ്ട് വ്യക്തികളിൽനിന്നു തികച്ചും വ്യത്യസ്തനായ ഒരാളെ നമുക്ക് ഒന്ന് പരിചയപ്പെടാം. കോഴഞ്ചേരിക്കാരൻ രാജൻ ഫിലിപ്പ് എന്ന 52 വയസ്സുള്ള Ph.D.ക്കാരൻ. വിവിധ രാജ്യങ്ങളിൽ കോർപ്പറേറ്റ് കമ്പനികളുടെ ഡയറക്ടേഴ്സിനു പുത്തൻ ആശയങ്ങൾ പകർന്നു നല്കി അവരെ കൂടുതൽ ഊർജ്ജസ്വലരാക്കുന്ന പ്രൊഫഷണൽ മാനോജ്മെന്റ് വിദഗ്ദ്ധൻ. ഭാര്യ ജർമ്മനിയിൽ ഡോക്ടർ

ആയിരുന്നു. മൂന്ന് മക്കൾ ഉന്നതവിദ്യാഭ്യാസം നേടിയവർ, വിദേശത്ത് ഉന്നത പദവികളിലായിരുന്നു. നാല് വർഷം മുമ്പ് അവരുടെ കുടുംബത്തിന്റെ വരുമാനം പ്രതിമാസം 42 ലക്ഷം രൂപ. ഇങ്ങനെ ഒരുപാട് സവിശേഷതയുള്ള കുടുംബം. ഇപ്പോൾ നാല് വർഷമായി പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരിയിൽ. എല്ലാ ആധുനിക സുഖസൗകര്യങ്ങളിൽ നിന്ന് അകന്ന് ഈ കുടുംബാംഗങ്ങൾ ജില്ലയിലെ ഗ്രാമങ്ങളിലൂടെ അവരുടെതന്നെ കോടിക്കണക്കിന് രൂപ മുതൽ മുടക്കി വിവിധ സാമൂഹ്യപ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കി വരുന്നു. ഗ്രാമവാസികൾ തന്നെയാണ് ഓരോ സൈസൈറ്റിയുടെയും നേതൃസ്ഥാനത്ത്.

ഇരുപത്തിയേഴു വർഷം വിവിധ വിദേശരാജ്യങ്ങളിൽ വി.ഐ.പി. നിലവാരത്തിൽ ജീവിച്ച വ്യക്തി എന്താണ് ഇങ്ങനെ എന്ന് അദ്ദേഹത്തോട് ചോദിക്കുന്നവർക്ക് ഏറ്റവും ലളിതമായ മറുപടിയാണ് നാട്ടുകാർ "അച്ചായി" എന്ന ഓമനപ്പേര് നല്കിയ രാജൻ ഫിലിപ്പ് നല്കുന്നത്. ചെറുപ്പം മുതൽ ദൈവവിശ്വാസിയായിരുന്നു. എന്റെ ജീവിതയാത്രയിൽ കർത്താവ് എന്നെ ഒരുപാട് അനുഗ്രഹിച്ചു. ഞാൻ എന്തായോ അത് ദൈവകൃപയാലാണ്, അതുപോലെ ഞാൻ ആഗ്രഹിച്ചതിന്റെ നൂറ് ഇരട്ടി സമ്പത്തും എനിക്ക് ലഭിച്ചു. എന്നിലൂടെ വലിയ കാര്യങ്ങൾ ചെയ്യുവാൻ തമ്പുരാൻ എന്നോട് ആവശ്യപ്പെട്ടു. അതിനാൽ എന്റെ തൊഴിൽ ഉപേക്ഷിച്ചു. കുടുംബത്തെ കൂടെക്കൂട്ടി, ഞാൻ ദൈവത്തിന്റെ സ്വന്തം നാട്ടിലേക്ക് പോന്നു. ഇനി തിരിച്ച് പോക്കില്ല. ഇവിടെ ഞങ്ങൾ പരിപൂർണ്ണ സംതൃപ്തരാണ്. ആയുസ്സ് ഉള്ളിടത്തോളംകാലം ഞാൻ ജനിച്ച നാട്ടിൽത്തന്നെ. പത്രങ്ങൾക്കോ ദൃശ്യമാധ്യമങ്ങൾക്കോ അദ്ദേഹം അഭിമുഖത്തിന് നിന്നുകൊടുക്കാറില്ല. നല്ലതു ചെയ്യാൻ പബ്ലിസിറ്റി ആവശ്യമില്ല എന്ന പക്ഷക്കാരൻ. നമ്മുടെ നാട്ടിൽ ഇതേ ചിന്താഗതിയുള്ള അനേകായിരങ്ങളെ സഹായിക്കുന്ന നല്ല മനസ്സുകളെ കാണാൻ സാധിക്കും. ഉദാഹരണത്തിന് കിഴക്കമ്പലത്തെ ടിന്റി ടന്റി പോലുള്ള പ്രസ്ഥാനങ്ങൾ. അതല്ലേ വചനം പറയുന്നത് "നല്ല നിലത്ത് വീണ വിത്ത് നൂറ്മേനി ഫലം പുറപ്പെടുവിക്കുന്നു."

വായിച്ചു തീർക്കുന്ന വിഷയാവതരണത്തെക്കാൾ ഉപരി എന്താണ് എന്റെ വിശ്വസജീവിതവും, സമ്പത്തും അത് തുരുമ്പ് പിടിച്ചതാണോ, അതോ ക്ലാവ് പറ്റിയതാണോ എന്ന് ആത്മപരിശോധന ചെയ്യുവാൻ ഇടവരട്ടെ.

വിചിന്തനം: ദൈവരാജ്യം നിങ്ങളിൽനിന്ന് എടുത്ത് ഫലം പുറപ്പെടുവിക്കുന്ന ജനതയ്ക്ക് നല്കപ്പെടും." (മത്താ. 21:44) ■

വെടിക്കെട്ടുകളിൽ സംപ്രീതനാകുന്ന ദൈവമോ?

ഈ കുരുന്നുകളുടെ ദൈന്യതയുടെ മുഖങ്ങൾ നമ്മിൽ നിന്നു മറഞ്ഞുപോകാൻ വഴിയില്ല. പരവൂർ വെടിക്കെട്ടു ദുരന്തത്തിൽ അച്ഛനും അമ്മയും നഷ്ടപ്പെട്ടു അനാഥമായ രണ്ടു ബാല്യങ്ങളാണ് ചിത്രത്തിൽ. ഈ ദുരന്തത്തോടനുബന്ധിച്ചു പലതും നമ്മെ പുനർവിചിന്തനത്തിനു പ്രേരിപ്പിക്കുന്നുണ്ട്.

ഉത്സവ, തിരുനാൾ ആഘോഷങ്ങളുടെ ഭാഗമായാണ് ക്ഷേത്രങ്ങളിലും പള്ളികളിലും വെടിക്കെട്ടുകൾ നടത്തുന്നത്. ചിലതു ആചാരമാണെന്നും, മറ്റുചിലതു ആഘോഷത്തിന്റെ ഭാഗമാണെന്നും, വേറെ ചിലതു ഭക്തിപാരമ്പര്യത്തിന്റെ ഭാഗമാണെന്നും പറയുന്നു. ഇവയിൽ ഏതാണെങ്കിലും അത് ദൈവപ്രീതിക്കും, മനുഷ്യന്റെ നന്മക്കും പാത്രീഭവിക്കുന്നില്ല. മനുഷ്യനു ദൈവാനുഭവം പകരുന്ന ഒന്നും ഇതു നല്കുന്നില്ല. വെടിക്കെട്ടു നടത്തി അനുഷ്ഠിക്കുന്ന മതാചാരങ്ങൾ ഒന്നും അർത്ഥവും മൂല്യവുമുള്ളതല്ല.

ക്രിസ്തീയ ദർശനത്തിൽ വെടിക്കെട്ടുപോലുള്ള ആചാരങ്ങൾ ഒരിക്കലും സുവിശേഷാത്മകമല്ല. അതിരില്ലാത്ത ഒരു ആഘോഷത്തിമിർപ്പിന്റെ ബാക്കിപത്രമാണത്. വിശ്വാസത്തിനും ധാർമ്മികതക്കും നിരക്കാത്ത കപടഭക്തിയുടെ ഭാഗമാണ് വെടിക്കെട്ടുകൾ. കേരളത്തിലെ പള്ളികളോടും അമ്പലങ്ങളോടുമനുബന്ധിച്ചു നടക്കുന്ന ഈ കപടഭക്താഭ്യാസത്തിന്റെ ഫലമായി എത്ര ദാരുണമായ അന്ത്യങ്ങൾ സംഭവിച്ചു കഴിഞ്ഞു. അനുഭവങ്ങളിൽ നിന്നു നാം പാഠം പഠിക്കുന്നില്ല. ദുരന്തങ്ങൾ ഒന്നും നമ്മെ ഇതിൽ നിന്നു പിന്തിരിപ്പിക്കുന്നില്ല. ഇതു നിർത്തലാക്കുന്നതിനു യഥാർത്ഥത്തിൽ ദൈവത്തെ സ്നേഹിക്കുകയും മതം ജീവിക്കുകയും ചെയ്യുന്നവരുടെ മുന്നേറ്റം ആവശ്യമാണ്. ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന ലോബികളെ തടയണം. ഇതിനു വേണ്ടി നിലകൊള്ളുന്നവരെ ഒരു തിരുനാൾ കമ്മിറ്റിയിലും ഉൾപ്പെടുത്തരുത്. അങ്ങനെയുള്ളവരെ പാരിഷ് കൗൺസിലിലും, കൂട്ടായ്മകളിലും ഉത്തരവാദിത്വങ്ങൾ ഏല്പിക്കരുത്. ഇതിനെ പിൻതാങ്ങുന്നവരുടെ കച്ചവട മനസ്ഥിതി തിരിച്ചറിഞ്ഞ് നമ്മുടെ തിരുനാളുകളും ഉത്സവങ്ങളും സുവിശേഷാത്മകമായിത്തീരട്ടെ. ഗൗരവമായ ചർച്ചകൾ പാരിഷ് കൗൺസിലുകളിലും കുടുംബകൂട്ടായ്മകളിലും നടക്കട്ടെ. ■

ജോഷി ജോസഫ് കറുകുറ്റി

അവർ കഠിന പാപികളായിരുന്നു, എന്നിട്ടും അവർ വിശുദ്ധരായി

വിശുദ്ധ അഗസ്റ്റിൻ 20 വയസ്സിനു മുമ്പ് വിവാഹത്തിനുമുമ്പ് അവിഹിത ബന്ധത്തിലൂടെ കുഞ്ഞിന് ജന്മം നല്കി. ഏകദേശം 34 വയസ്സുവരെ ജഡികാസക്തിയിൽ ജീവിച്ച കഠിനപാപിയായിരുന്നു. ദൈവനിന്ദയും സഭാനിന്ദയുമുള്ള നാടകങ്ങളിൽ ആനന്ദം കണ്ടെത്തുകയും ഭൂതപ്രേതപിശാചുക്കളെ പ്രസാദിപ്പിക്കുന്ന കലാരൂപങ്ങളിൽ ആസ്വാദനം കണ്ടെത്തുകയും ചെയ്ത വ്യക്തിയായിരുന്നു.

വിശുദ്ധ ചാൾസ് ദി ഫുക്കോൾഡ് ധൂർത്തനായി പാപജീവിതം നയിച്ച് തന്റെ കൗമാരക്കാലം മുതൽ വാടക വീടെടുത്ത് കാമുകിക്കൊപ്പം തന്നിഷ്ടജീവിതം നയിച്ചിരുന്ന വ്യക്തിയാണ്.

ഈജിപ്തിലെ വിശുദ്ധ മറിയം 23 വർഷത്തോളം വ്യഭിചാരം ചെയ്ത് ജീവിച്ച സ്ത്രീയായിരുന്നു.

വിശുദ്ധ നോബർട്ട് 30 വയസ്സുവരെ ലോകം നല്കിയ സുഖലോലുപതയിൽ ജീവിച്ചു.

വിശുദ്ധ ഫ്രാൻസീസ് അസ്സീസി സമ്പത്തും സമയവും ധൂർത്തടിച്ച് പല രാത്രികളിലും വീട്ടിൽപോലും കയറാതെ സുഖലോലുപതയുടെ ലോകത്തിൽ ജീവിച്ച യുവാവായിരുന്നു.

ആവിലായിലെ അമ്മ ത്രേസ്യ 7 വയസ്സിൽ രക്തസാക്ഷിയാകാൻ ആഗ്രഹിച്ചുവെങ്കിലും പിന്നീട് ലൗകീകതയിലേയ്ക്ക് വീണുപോയി. നോവലുകൾ വായിച്ചും മറ്റുള്ളവരെ തന്നിലേക്ക് ആകർഷിക്കാനുള്ള സ്വയം അലങ്കാരത്തിലേക്കും മോടിപിടിപ്പിക്കലേക്കും ശ്രദ്ധ തിരിച്ചിരുന്നു.

വിശുദ്ധ റോസവെനറിനി കൗമാരത്തിൽ തന്റെ സമപ്രായമുള്ള ഒരു ചെറുക്കാരനുമായി പ്രേമബന്ധത്തിലായിരുന്നു.

വിശുദ്ധ ഇഗ്നേഷ്യസ് ലെയോള ഈശോയെ അറിയുന്നതിനു മുമ്പ് വരെ അരക്കെട്ടിൽ കഠാര സൂക്ഷിച്ചിരുന്നു. വാൾപയറ്റിലും കുതിരസവരിയിലും ഒന്നാമനായിരന്ന, ലോകത്തിന്റെ അരൂപിയാൽ നയി

ക്കപ്പെട്ട ഒരു പട്ടാളക്യാപ്റ്റനായിരുന്നു.

വിശുദ്ധ ക്ലോവിയൂസ് ഒരു പാട് യുദ്ധം നടത്തി രാജ്യങ്ങൾ പിടിച്ചെടുത്ത വിജാതിയനായ കഠിന പാപിയായിരുന്നു.

വിശുദ്ധ മാർഗരറ്റ് കോർട്ടോണ വിവാഹിതയാകാതെ ഒരു കുഞ്ഞിനു ജന്മം നല്കിയ സ്ത്രീയായിരുന്നു.

വിശുദ്ധ മാറ്റ് ടാൽബോത്ത് മുഴുവൻ സമയ മദ്യപാനിയായിരുന്നു.

പാപം ആത്മാവിലും ഹൃദയത്തിലും തുളച്ചുകയറിയ വിഷമുള്ളാണ്. ആ വിഷമുള്ളുകളെ ദിവ്യവൈദ്യനായ ഈശോക്ക് കാണിച്ചു കൊടുത്ത് ചികിത്സിക്കാൻ വിശുദ്ധർ മനസ്സു കാണിച്ചു. അത് ഊരിയെടുക്കുമ്പോൾ ഉണ്ടാകുന്ന വേദന സ്വീകരിക്കാൻ അവർ തയ്യാറായി. പാപികളെ തേടി വന്ന ഈശോ അവരെ സ്വന്തമാക്കി. മരിച്ചവരുടെ ഇടയിൽനിന്ന് അവർ കടന്നുവന്നു.

കൽക്കരിക്കട്ടപോലുള്ള പാപജീവിതങ്ങളെ സ്നേഹിച്ചു സ്നേഹിച്ചു തീക്കട്ടയാക്കുന്ന കർത്താവിന്റെ സ്നേഹം അവരെ സ്വന്തമാക്കി.

അനുതാപ കണ്ണീർ ഒഴുക്കി അവർ അവരുടെ പാപം കഴുകി...

പശ്ചാത്താപത്തിന്റെയും പരിഹാരത്തിന്റെയും വഴികളിലൂടെ അവർ നടന്നു... വേദനയോടെ മണിക്കൂറുകൾ പ്രാർത്ഥിച്ചു... ഉപവാസത്തോടും വലിയ വിലാപത്തോടും അവർ ജീവിച്ചു.

ലോകസുഖങ്ങളിൽ നിന്നും അവർ വിട്ടു നിന്നു...

അവർ മാനസാന്തരപ്പെട്ടു...

മാനസാന്തരത്തിനു യോജിച്ച ഫലം പുറപ്പെടുവിക്കാൻ തുടങ്ങി...

ആ ഫലം മുപ്പതു മേനിയാക്കി,

അറുപതു മേനിയാക്കി

നൂറുമേനിയാക്കി ദൈവം വളർത്തി.

ഈശോക്ക് ക്ഷമിക്കാൻ പറ്റാത്ത ഒരു പാപവുമില്ല

ഈശോയുടെ രക്തത്തിന് കഴുകാൻ പറ്റാത്ത ഒരു പാപകറയുമില്ല.

ഈശോയ്ക്ക് വീണ്ടെടുക്കാൻ പറ്റാത്തവിധം ആരും നഷ്ടപ്പെട്ടു പോയിട്ടില്ല.

ഈശോയുടെ സന്നിധിയിൽ ഏതൊരു പാപിക്കും സാധ്യത

ഡോ. ജോർജ് കോയിൽപറമ്പിൽ

വീട്ടിൽ പുല്ലു പറിക്കില്ല; ദുബായിൽ കല്ലു ചുമക്കും

കിട്ടിയ ഭക്ഷണം കഴിച്ചു ചുരുണ്ടുകൂടി മുറിയിലിരിക്കും. ആ ഇരുപ്പിൽ ആഴ്ചപ്പതിപ്പു പലതവണ വായിക്കും. നോവൽ തുടരുമെന്നാണു പറഞ്ഞിരിക്കുന്നത്. ഇനി ഏഴു ദിവസം കഴിയണം. ഇനി എന്താണു സംഭവിക്കുന്നതെന്നറിയാൻ.

തൊഴിലില്ലാതെ മടുത്തപ്പോഴാണു കൂട്ടുകാരൻ ദുബായിലേക്കു വിളിച്ചത്. ഏറെക്കാശു കടമെടുത്തു. ഏജന്റിനു കൈക്കൂലി കൊടുത്തു. ദുബാ

കളുണ്ട്.

അശുദ്ധിയിൽ നിന്ന് വിശുദ്ധിയിലേക്ക് വന്ന ഓരോ വ്യക്തിക്കും പറയാനുള്ളത് ഒന്നുമാത്രം

"ഞങ്ങളെ സ്നേഹിച്ച് ഈശോയ്ക്ക് നിങ്ങളെ സ്നേഹിക്കാനാകും."

ഞങ്ങളെ രക്ഷിച്ച് ഈശോയ്ക്ക് നിങ്ങളെ രക്ഷിക്കാനാകും.

ഞങ്ങളെ വിശുദ്ധീകരിച്ച് വിശുദ്ധനാക്കിയ ഈശോയ്ക്ക് നിങ്ങളെയും വിശുദ്ധനാക്കാനാകും.

വിശുദ്ധർ പഠിപ്പിക്കുന്ന സത്യമിതാണ്:

ഓരോ പാപിക്കും രക്ഷപ്പെടാനുള്ള വാതിലാണ് യേശു.

ഓരോ പാപിക്കും തന്റെ പാപക്കറ കഴുകിക്കളയാനുള്ള ശ്രേഷ്ഠ രക്തമാണ് യേശുവിന്റെ രക്തം.

■

യിലെ മുതലാളി മൂസായ്ക്കു മുദ്രക്കടലാസിലെഴുതി കൊടുത്തു, അഡ്വാൻസ് തീരുന്നതുവരെ ശമ്പളത്തിനു കൈനീട്ടില്ലെന്ന്.

അങ്ങനെ ദുബായിലെത്തി. അവിടെ കിട്ടിയ ജോലി കഠിനമായിരുന്നു. കല്ലു പൊട്ടിക്കണം, ചുമക്കണം. എത്ര മണിക്കൂർ? പന്ത്രണ്ടു മണിക്കൂർ! പോന്നതിന്റെ ചിലവും ഏജൻസി കമ്മീഷനും തീരുന്നതുവരെ വരുമാനമൊന്നുമില്ല.

എന്തായാലും ഒരു മാറ്റം വന്നു. ഗതികെട്ടാൽ പുലി പുല്ലും തിന്നും. നാട്ടിലായിരുന്നപ്പോൾ അമ്മ കടം മേടിച്ചിട്ട് ഉണ്ടാക്കിക്കൊടുത്തിരുന്ന ഭക്ഷണത്തെക്കുറിച്ച് പരാതിയായിരുന്നു. അതു കഴിച്ചിട്ട് ചുരുണ്ടുകൂടിയിരുന്നപ്പോൾ, മുറ്റത്തെ പുല്ലെങ്കിലും നിനക്ക് പറിച്ചുകളായൻ പാടില്ലേ എന്നു ചോദിച്ചപ്പോൾ അവൻ തെറി പറയുമായിരുന്നു. അല്ലെങ്കിൽ പുല്ലുപറിക്കാൻ ചങ്കുവേദനയാണെന്ന് അവൻ പറയുമായിരുന്നു.

ദുബായിൽ വന്നപ്പോൾ ചങ്കുവേദന മാറി. കല്ലുപൊട്ടിക്കാനും ചുമക്കാനുമുള്ള ഉറപ്പ് ചങ്കിനു കിട്ടി. ഇടയ്ക്കു കിട്ടിയ അവധിക്ക് ഒരു പ്രാവശ്യം നാട്ടിലെത്തിയപ്പോൾ, വീട്ടുകാരുണ്ടോ അറിയുന്നു, ഇട്ടിരുന്നത് കൂട്ടുകാരന്റെ ഡ്രസ്സായിരുന്നുവെന്ന്. ബന്ധുക്കൾക്കെല്ലാം ഓരോ സമ്മാനം കൊടുക്കണമെന്നുണ്ടായിരുന്നു. പക്ഷേ, പണമെവിടെ? ഇനി എത്ര കൊല്ലംകൂടി തന്നെക്കൊണ്ട് മുതലാളി ഈ അടിമപ്പണി ചെയ്യിക്കുമെന്നറിഞ്ഞു കൂടാ.

എന്തായാലും ആവശ്യം സൃഷ്ടിയുടെ മാതാവാണ്. കേരളത്തിൽ തൂത്തു തുടച്ച് മിനുങ്ങി നടക്കുന്നവൻ ദുബായിൽ ചെല്ലുമ്പോൾ മണ്ണുമാന്താനും കക്കൂസ് വൃത്തിയാക്കാനും തയ്യാറാണ്. ഇവിടെ വരുമ്പോൾ പറയുന്നില്ലെന്നേയുള്ളൂ.

സാഹചര്യങ്ങൾക്കനുസരിച്ച് പരിവർത്തനപ്പെടാനും പുതിയവരെ സ്വീകരിക്കുവാനും മനുഷ്യന് വേഗം സാധിക്കും. മാറിയ സാഹചര്യങ്ങളോട് ഇണങ്ങാൻ മറ്റു ജീവികൾ മല്ലടിക്കുമ്പോൾ സാമൂഹ്യപരിവർത്തന ക്ഷമത (Social Mobility) ഏറെയുള്ള മനുഷ്യന് വളരെ വേഗം അതു സാധിക്കുന്നു.

■

ജോസ് മഴുവഞ്ചേരി

മുറിവൈദ്യന്മാരുടെ വ്യാഖ്യാനചികിത്സകൾ

ഭൗതിക ശാസ്ത്രത്തിൽ വിപ്ലവകരമായ വഴിത്തിരിവിന് കാരണഭൂതനായ ആൽബെർട്ട് ഐൻസ്റ്റയിൻ തന്റെ ആപേക്ഷിക സിദ്ധാന്തം ആവിഷ്കരിച്ചു കഴിഞ്ഞിരിക്കുന്ന സമയം. ഒട്ടേറെ സർവകലാശാലകൾ അദ്ദേഹത്തെ പ്രഭാഷണങ്ങൾക്കായി ക്ഷണിച്ചു. ദൃശ്യമാധ്യമങ്ങളൊന്നും മിഴി തുറക്കാത്ത കാലമായതുകൊണ്ട് അക്കാലത്ത് അദ്ദേഹത്തിന്റെ മുഖം ആളുകൾക്ക് പരിചിതമല്ല. എല്ലാ വേദികളിലും അദ്ദേഹം ഒരേ പ്രസംഗം തന്നെയാണ് നടത്തുക. അദ്ദേഹത്തിന്റെ ഡ്രൈവർ എല്ലാ ദിവസവും ഈ കേട്ടതു തന്നെ കേട്ട് ബോറടിച്ചു. ഒരു ദിവസം അദ്ദേഹം ഐൻസ്റ്റയിനോട് പറഞ്ഞു: "അങ്ങ് പറയുന്നതെല്ലാം എനിക്കും അണുവിട തെറ്റാതെ പറയാനൊക്കും." ഇതു കേട്ടപ്പോൾ ഐൻസ്റ്റയിൻ അവനോട് പറഞ്ഞു: "എന്നാൽ ഇന്നത്തെ പ്രസംഗം എനിക്കുപകരം നീ നടത്തിക്കൊള്ളൂ. പക്ഷേ, ഒരു കാര്യം നീയാണ് ഐൻസ്റ്റയിൻ; ഞാൻ ഡ്രൈവറും." അങ്ങനെ അന്ന് ആ കലാലയത്തിൽ ഒരു ആൾമാറാട്ടം നടന്നു.

സത്യം പറയട്ടെ, ഡ്രൈവറുടെ പ്രഭാഷണം കേട്ട് ഐൻസ്റ്റയിൻ സ്തബ്ധനായി പോയി. ശ്രോതാക്കളുടെ കൂട്ടത്തിൽ ഡ്രൈവർ എന്ന ഭാവത്തിൽ ഇരിക്കുകയായിരുന്നു ആ ശാസ്ത്രജ്ഞൻ. തന്റെ സാരഥിയുടെ മികവിൽ അദ്ദേഹം അഭിമാനം കൂറി. പക്ഷേ, അപ്രതീക്ഷിതമായതു സംഭവിച്ചു. സദസിൽ ഇരുന്ന ഒരദ്ധ്യാപകൻ പ്രഭാഷകനോട് ഒരു സംശയം ചേദിച്ചു. ചോദ്യത്തിന്റെ പൊരുൾപോലും മനസ്സിലാക്കാനുള്ള ജ്ഞാനമുണ്ടോ പാവം ഡ്രൈവർക്ക്? പക്ഷേ, സമചിത്തത കൈവിടാതെ പ്രാസംഗികൻ പറഞ്ഞു. "ഇതുപോലുള്ള നിസാര സംശയങ്ങൾക്ക് മറുപടി പറഞ്ഞ് ഞാൻ എന്റെ സമയം മെനക്കെടുത്തുന്നില്ല. അതിനൊക്കെ എന്റെ ഡ്രൈവർ മറുപടി പറയും" ഇത്രയും പറഞ്ഞ് പ്രഭാഷകൻ ഐൻസ്റ്റയിനെ സ്റ്റേജിലേയ്ക്ക് വിളിച്ചു. യഥാർത്ഥ ഐൻസ്റ്റയിൻ ഡ്രൈവറാണെന്ന ഭാവം കളയാതെ തന്നെ തന്മയത്തത്തോടെ സംശയനിവർത്തി നടത്തികൊടുത്തു.

കുടുംബയൂണിറ്റ് വേദികളിൽ വചനപ്രഘോഷണം നടത്തുന്ന ചിലരെങ്കിലും സ്റ്റേജിലിരിക്കുന്ന വൈദികനെപോലും വെല്ലുന്ന രീതിയിൽ വാക്ധോരണി നടത്താറുണ്ട്. അറിവിന്റെ ധ്വജപ്രതിഷ്ഠകളാണ് തങ്ങളെന്ന ഭാവേനയാണ് അവരുടെ വ്യാഖ്യാനങ്ങൾ. എന്നാൽ അവർ പറയുന്ന പലതും അബദ്ധ പഞ്ചാംഗങ്ങളായിരിക്കും. ഞങ്ങളുടെ യൂണിറ്റിൽ ഒരിക്കൽ ഒരു വിശാരദൻ തോമസ് ശ്ലീഹാ കേരളത്തിൽ വന്നിട്ടില്ല എന്ന് തട്ടിവിട്ടു. അതിനുള്ള കാരണവും പുള്ളിക്കാരൻ നടത്തി. എ.ഡി. 52-ലാണല്ലോ അപ്പസ്തോലൻ വന്നതെന്ന് പറയുന്നത്. എ.ഡി. എന്നാൽ After the Death of Christ. ക്രിസ്തു മരിച്ച് 52 വർഷങ്ങൾക്കുശേഷം! ക്രിസ്തു മരിക്കുമ്പോൾ തോമസിന് 40 വയസ്സുണ്ടെങ്കിൽ തന്നെ കേരളത്തിൽ വരുമ്പോൾ ശ്ലീഹായ്ക്ക് 92 വയസ്സുണ്ടാകില്ലേ? എല്ലാവരുടേയും മുഖങ്ങൾ ചോദ്യചിഹ്നങ്ങളായി. യോഗം നിയന്ത്രിച്ചിരുന്ന വികാരിയച്ചൻ ബൈബിൾ എടുത്ത് അവസാന പേജിലെ ചരിത്രം കാണിച്ചുകൊടുത്തു. യേശു മരിച്ചത് എ.ഡി.30-ലാണ്. എ.ഡി. എന്നാൽ Anno Domoni എന്നാണ്. ഓർക്കുക മുറിവൈദ്യന്മാരായ വ്യാഖ്യാതാക്കൾ വിശ്വാസത്തെ തന്നെ കൊന്നുതരും!

അവധിക്കാലം

കുട്ടികളുടെ അവധിക്കാലത്തെക്കുറിച്ചാണ് കൂട്ടുകാരൻ ഇപ്രാവശ്യം സംസാരിച്ചത്. സ്കൂൾ പഠനകാലത്ത് തന്റെ അവധിക്കാലം ചെലവഴിച്ചതിന്റെ അനുഭവങ്ങളും കൂട്ടുകാരൻ അയവിറക്കി. അമ്മ വീട്ടിലും ബന്ധുവീടുകളിലും സന്ദർശനം നടത്തുകയും കുന്നുകളും, വയലുകളും കളിക്കളങ്ങളായതും, മരങ്ങളും മരച്ചോടുകളും സല്ലാപ വേദികളായതും അദ്ദേഹം പങ്കുവച്ചു. ഇക്കാലത്ത് നമ്മുടെ കുഞ്ഞുങ്ങൾ വീട്ടിലിരുന്നു സിനിമ ഒന്നിനു പുറകെ ഒന്നായി കണ്ടും കംപ്യൂട്ടർ ഗയിമിലേർപ്പെട്ടും സമയം ചെലവഴിക്കുന്നതിനെക്കുറിച്ചും അദ്ദേഹം പരിതപിച്ചു.

ഇതിനിടയിലാണ് അദ്ദേഹം ഒരു യാഥാർത്ഥ്യം പങ്കുവച്ചത്. അവധിക്കാലത്ത് കുട്ടികളെ ബന്ധുവീടുകളിൽ പറഞ്ഞുവിടാൻ മാതാപിതാക്കൾ വിമുഖത കാണിക്കുന്നുവെത്രെ. അതിനു കൂട്ടുകാരൻ പറഞ്ഞ കാരണം ഞെട്ടലുളവാക്കുന്നതാണ്. കുട്ടികളിൽ പലരും ബന്ധുജനങ്ങളാൽ ദുരുപയോഗിക്കപ്പെടുന്ന കഥകൾ കേൾക്കുന്നതുകൊണ്ട് മാതാപിതാക്കൾ തങ്ങളുടെ കുട്ടികളെ ബന്ധുവീടുകളിൽ പറഞ്ഞുവിടുന്നതിനു ധൈര്യപ്പെടുന്നില്ല. അപ്രകാരമൊരു ദുഷിച്ച സ്ഥിതിവിശേഷം നമ്മുടെ നാട്ടിലുണ്ട് എന്നു തന്നെയാണ് കൂട്ടുകാരന്റെ അഭിപ്രായം. നമ്മുടെ കുട്ടികൾക്ക് സ്വതന്ത്രമായി ഇടപെടാനും, സന്ദർശനങ്ങൾ നടത്താനും, അവധിക്കാലം ആസ്വദിക്കാനുമുള്ള ഒരു സാഹചര്യം നാം ഒരുക്കേണ്ടേ? അയൽവീടുകളും, ബന്ധുവീടുകളും, പഠനകളരികളും, ക്യാമ്പുകളുമെല്ലാം കുഞ്ഞുങ്ങളുടെ വളർച്ചയുടെ ഇടങ്ങളായിത്തീരട്ടെ. കുഞ്ഞുങ്ങളുടെ സംരക്ഷകരാണ് നാമെല്ലാമെന്ന് നമുക്കു ഉറപ്പുവരുത്താം.

ദുഷിക്കുന്ന സാമൂഹ്യവ്യവസ്ഥിതിയെ ജാഗ്രതകൊണ്ടും മുൻകരുതലുകൾകൊണ്ടും പവിത്രമാക്കി നമ്മുടെ കുട്ടികളുടെ ജീവിതം നമുക്കു ആനന്ദകരമാക്കാം.

■

ദയാബായി

ഇന്ത്യയിലെ അറിയപ്പെടുന്ന ക്രൈസ്തവ സാമൂഹ്യപ്രവർത്തക. കേരളത്തിലെ പാലായിൽ കത്തോലിക്ക കുടുംബത്തിൽ ജനനം. പതിനാറാമത്തെ വയസ്സിൽ സന്യാസാർത്ഥിനിയായി കോൺവെന്റിൽ ചേർന്നു. സന്യാസാർത്ഥിയായുള്ള പരിശീലനം പൂർത്തിയാക്കാതെ കോൺവെന്റിനു പുറത്തു പോന്നു. പിന്നീട് ആദിവാസികളുടെ ഉന്നമനത്തിനു വേണ്ടി ജീവിതം ഉഴിഞ്ഞുവച്ചു. പ്രധാന കർമ്മരംഗം മധ്യപ്രദേശിലെ ആദിവാസി ഗോത്രങ്ങളായിരുന്നു. ആദിവാസി ഗ്രാമങ്ങളിൽ താമസിച്ചു അവർക്ക് മെച്ചപ്പെട്ട ജീവിത പരിശീലനം നല്കി അവരെ ഉന്നമനത്തിലേക്കു നയിക്കുന്നു. ആദിവാസികളുടെ ഇടയിൽ സ്വയം സഹായസംഘങ്ങൾ സ്ഥാപിച്ചു ദാരിദ്ര്യനിർമ്മാർജ്ജനത്തിനു ശ്രമിക്കുന്നു. 2007-ലെ വുമൻ ഓഫ് ദ ഇയർ അവാർഡിന് അർഹയായി.

“പീലാത്തോസ് ചോദിച്ചു:
നീ എന്നോടു സംസാരിക്കുകയില്ലേ?
നിന്നെ സ്വതന്ത്രനാക്കാനും
ക്രൂശിക്കാനും എനിക്കു
അധികാരമുണ്ടെന്ന് അറിഞ്ഞുകൂടെ?
യേശു പ്രതിവചിച്ചു: ഉന്നതത്തിൽ നിന്ന്
നല്കപ്പെട്ടില്ലായിരുന്നുവെങ്കിൽ എന്റെ
മേൽ ഒരധികാരവും
നിനക്കുണ്ടാകുമായിരുന്നില്ല.”